# Bulletin

## Irinjalakuda Diocese

2023 AUGUST

Vol. 10 Issue : 08



"എന്റെ ഏറ്റവും എളിയ ഈ സഹോദരന്മാരിൽ ഒരുവന് നിങ്ങൾ ഇതു ചെയ്തുകൊടുത്തപ്പോൾ എനിക്ക് തന്നെയാണ് ചെയ്തുതന്നത്"

(മത്തായി 25 : 40)



"എന്റെ കർത്താവേ എന്റെ ദൈവമേ"

(യോഹന്നാൻ 20:28)

Best Compliments from…

# SAHṚDAYA
## GROUP OF INSTITUTIONS
Managed by Irinjalakuda Diocesan Educational Trust

We promote character, the rest follows...

EDUCATION IS DEDICATION

## SAHṚDAYA
COLLEGE OF ENGINEERING AND TECHNOLOGY

PB No : 17, Kodakara, Thrissur, Pin : 680684 Ph : 0480 2726630, 2759275,
E-mail : info@sahrdaya.ac.in. Website: www.sahrdaya.ac.in

**COURSES OFFERED:**

**UG Courses :** BTech in Bio Medical Engineering (BM), Bio Technology (BT), Civil Engineering (CE), Computer Science(CS), Electronics and Communication (EC), Electrical and Electronics (EE),

**PG Courses :** MTech in Embedded Systems (ES), Industrial Bio Technology (IBT), Power Electronics and Drive (PED), Computer Science (CS),

-Lumen
IDET
INNOVATION IS INVENTION

## SAHṚDAYA-LUMEN ACADEMY
COMPETITIVE EXAM COACHING CENTRE

**Irinjalakuda, Thrissur, Kerala, Pin: 680 121**
**Web:www.sahrdayalumenacademy.com**
**Ph.: 8289847600, 7994148803**

**PSC / BANK / SSC / K-Tet / UPSC Coaching**

## SAHṚDAYA
COLLEGE OF ADVANCED STUDIES
EVER TO EXCEL

P.B. NO. 18, KODAKARA P.O., THRISSUR, 680 684
scasadmission@gmail.com, info@sahrdayacas.ac.in

www.sahrdayacas.ac.in
Apply Online

ADMISSION ENQUIRY
9446940458
9400063194
9497233713
0480 2713713

**UG & PG COURSES OFFERED**

B Com Professional, B Com Finance, B Com Computer Application, B Com Banking, B Com Taxation, BCA, BBA Finance, B Sc Psychology, B Sc Computer Science, B Sc Information Technology, B Sc Physics, B Sc Chemistry, B Sc Mathematics, B Sc Geology, B.A English with Journalism, B.A Malayalam with Journalism

M Com Finance, M Sc Psychology, M Sc Clinical Psychology, MSW, M Sc Computer Science, M.A English

**VALUE ADDED PROFESSIONAL PROGRAMMES**

CA, ACCA (UK) , CMA (US), CFA (US), FINTECH (US), CMA (IND), CS, LOGISTICS & SUPPLY CHAIN MANAGEMENT (CILT-UK), BUSSINESS ANALYTICS,CFP, CAT,AVIATION,CPA (US), ARTIFICIAL INTELLIGENCE (AI), BEC,FCE,CAE(CAMBRIDGE ENGLISH ASSESMENT ENGLISH), GIS, PERSON CENTERED THERAPY, COUNSELLNG SKILLS & PSYCHO THERAPY, TRANSACTIONAL ANALYSIS, DATA SCIENCE & MACHINE LEARNING

LEARN LEAD SERVE

## SAHṚDAYA
INSTITUTE OF MANAGEMENT STUDIES

PB No: 19, Kodakara, Thrissur, Pin : 680684. Ph : 0480 2759275, 7025165333
Email : info@sahrdayasims.ac.in. Website: www.sahrdayasims.ac.in

**MBA @ SIMS COURSES OFFERED:**

Financial Management, HR Management, Marketing Management
International Business Management, Tourism & Hospitality Management

# Sacerdotal Silver Jubilee Greetings

Diocese of Irinjalakuda



Rev. Fr. Chethalan Andrews



Rev. Fr. Koottala Davis



Rev. Fr. Kudiyirikal Jaison



Rev. Fr. Chirayath Benjamin



Rev. Fr. Chirayath Clement



Rev. Fr. Nadavaramban Sebastian



Rev. Fr. Ponminissery Saji



Rev. Fr. Kattuparambil Titus

# Bulletin
# Irinjalakuda Diocese


**MY LORD, MY GOD**

**AUGUST - 2023**

**Vol.: 10 Issue: 08**



***Address:***
Eparchial Curia
Bishop's House, P.B. No. 59
Irinjalakuda - 680 121

***Phone:***
0480 2826820
0480 2826830

***Website & E-mail:***
www.irinjalakudadiocese.com
ijkbph@gmail.com



***Subscription:***
Monthly : ₹ 20.00
Annual : ₹ 200.00


## ഉള്ളടക്കം


| | |
|---|---|
| ഇടയശബ്ദം | 06 |
| ദിവ്യകാരുണ്യ കോൺഗ്രസ്സ് സർക്കുലർ | 09 |
| തടവറ പ്രേഷിത ഞായർ സർക്കുലർ | 14 |
| ജസ്റ്റീസ് സൺഡേ സർക്കുലർ | 18 |
| കച്ചേരികാര്യങ്ങൾ | 20 |
| ആദരാഞ്ജലികൾ | 24 |
| പാക്സ് | 24 |
| അനുസ്മരണദിനങ്ങൾ | 25 |
| മതബോധനം | 26 |
| സെന്റ് പോൾസ് മൈനർ സെമിനാരി | 28 |
| ബ്ലസ് എ ഹോം | 30 |
| നവചൈതന്യ | 31 |
| കാത്തലിക് കപ്പിൾസ് മൂവ്മെന്റ് | 32 |
| സ്മരണാഞ്ജലി | 32 |
| സ്പിരിച്ച്വാലിറ്റി സെന്റർ | 33 |
| അവാർഡ് | 34 |
| സോഷ്യൽ ആക്ഷൻ | 35 |
| ഇടയന്റെ ഇന്നലെകൾ | 41 |
| ഇടയന്റെ നാളെകൾ | 47 |







## സ്വർഗാരോപണ തിരുനാളും സ്വാതന്ത്ര്യ ദിനവും

പ്രിയ സഹോദര വൈദിക സുഹൃത്തുക്കളേ, സ്നേഹമുള്ള സമർപ്പിതരേ, വാത്സല്യമുള്ള അത്മായ സഹോദരരേ,

പരിശുദ്ധ ദൈവമാതാവിന്റെ സ്വർഗാരോപണ തിരുനാളും ഭാരതത്തിന്റെ സ്വാതന്ത്ര്യ ദിനവും ആചരിക്കുകയാണല്ലോ ആഗസ്റ്റ് 15ന്. ദൈവനിയോഗം ഭൂമിയിൽ ഭംഗിയായി നിറവേറ്റിയതിനാൽ പൂർണ സ്വാതന്ത്ര്യത്തിലേക്ക് പ്രവേശിക്കുന്നതിനു പരിശുദ്ധ അമ്മയെ ദൈവം ഉടലോടുകൂടെ സ്വർഗത്തിലേയ്ക്ക് എടുത്തതിനെ ആഘോഷിക്കുന്ന തിരുനാളാണ് സ്വർഗാരോപണം. ദൈവം ഏൽപിക്കുന്ന നിയോഗങ്ങൾ ജീവിതത്തിൽ പ്രത്യാശയോടെ വിശ്വസ്തതാപൂർവം നിരന്തര പരിശ്രമത്തിലൂടെ പൂർത്തിയാക്കി ദൈവത്തോടൊപ്പമുള്ള നിത്യമായ വാസം നേടുവാൻ നമുക്ക് പരിശുദ്ധ അമ്മയുടെ മാധ്യസ്ഥം തേടാം.

അൽപംപോലും നിരാശ നിഴലിക്കാത്ത, നിലയ്ക്കാത്ത സ്നേഹത്തിന്റെ, നിതാന്ത ജാഗ്രതയുടെ അണയാത്ത വിളക്കായിരുന്നു പരിശുദ്ധ അമ്മ. രക്ഷാകര ദൗത്യത്തിന്റെ സഹകാർമികയാണെങ്കിലും സ്വയം എന്തെങ്കിലും പരിഗണനയോ പ്രാധാന്യമോ അമ്മ കൽപിക്കുന്നില്ല. സ്തോത്രഗീതത്തിൽ എളിയവളായ തന്റെ നേരെ നീട്ടിയ ഉടയോന്റെ കൃപയെയാണ് അമ്മ വാഴ്ത്തുന്നത്. മഹാനായ ശിമയോന്റെ പ്രവചന വാക്കുകളിലെ വാൾ ഹൃദയത്തിൽ പേറുമ്പോഴും അമ്മ പുലർത്തിയ ക്ഷമയും അനുസരണവുമാണ് എങ്ങനെ സഹിക്കണം എന്നതിന് ക്രിസ്ത്യാനിയുടെ പാഠപുസ്തകം.

രക്ഷാകര ദൗത്യത്തിലെ രാസത്വരകമായിരുന്നു, പുളിമാവായിരുന്നു അമ്മ. കാനായിലെ കല്യാണ വിരുന്നിലെ പ്രതിസന്ധിഘട്ടത്തിൽ പുത്രനെ ക്ഷണിക്കുന്ന അമ്മ വാസ്തവത്തിൽ രക്ഷാകര പദ്ധതിയുടെ നിർണായക ദൗത്യത്തിലേക്ക് മകനെ പ്രവേശിപ്പിക്കുകയായിരുന്നു. പിന്നീട് ആരാണ് തന്റെ അമ്മയും സഹോദരന്മാരുമെന്ന് ക്രിസ്തു വിശദീകരിക്കുമ്പോഴും കുരിശിൻ ചുവട്ടിൽ കണ്ണിമവെട്ടാതെ പുത്രനെ

കാത്തുനിന്നപ്പോഴും യോഹന്നാനിലൂടെ മനുഷ്യകുലത്തിനു മുഴുവൻ അമ്മയായി ഉയർത്തപ്പെടുമ്പോഴും അമ്മ പുലർത്തിയ നിശ്ശബ്ദത രക്ഷണീയ കർമത്തിനു 'ആമേൻ' പറഞ്ഞ നാൾമുതൽ തുടങ്ങിയതാണ്. സഹനാനന്തരം, കുരിശുകൾക്കപ്പുറം എന്ത് എന്നതിനുള്ള ഉത്തരവും അമ്മ തന്നെയാണ്. ആ ഓർമകൾക്കു മുന്നിലാണ് സഭ ഇന്ന് കൈകൂപ്പുന്നതും വണങ്ങുന്നതും തിരുനാൾ ആഘോഷിക്കുന്നതും. ഏവർക്കും പരിശുദ്ധ അമ്മയുടെ സ്വർഗാരോപണ തിരുനാളിന്റെ മംഗളങ്ങൾ നേരുന്നു.

ആഗസ്റ്റ് 15 ഭാരത സ്വാതന്ത്ര്യ ദിനമായി നാം കൊണ്ടാടുകയാണല്ലോ. സ്വാതന്ത്ര്യത്തിന്റെ 76 വർഷങ്ങൾ പിന്നിടുമ്പോൾ സ്വാതന്ത്ര്യ സമര സേനാനികൾ വിഭാവനം ചെയ്ത, സ്വതന്ത്ര ഭാരതത്തിന്റെ ഭരണഘടന ഉൾക്കൊള്ളുന്ന പ്രതീക്ഷകൾ എത്രമാത്രം ഇന്ന് പൂവണിയുന്നുണ്ടെന്നു വിലയിരുത്തേണ്ടതാണ്. ബഹുസ്വരതയും മതനിരപേക്ഷതയും നമ്മുടെ ജനാധിപത്യത്തിന്റെ സവിശേഷതയാണ്. വിവിധ ഗോത്രങ്ങളും ജാതികളും സമൂഹങ്ങളും ഭാഷകളും സംസ്കാരങ്ങളും ഉൾക്കൊണ്ട് തയാറാക്കിയ ഭരണഘടനയിൽ അധിഷ്ഠിതമാണ് നമ്മുടെ രാജ്യം. എന്താണ് അങ്ങ് വിവക്ഷിക്കുന്ന സ്വതന്ത്രഭാരതം എന്ന ചോദ്യത്തിനു മഹാത്മജി നൽകുന്ന ഉത്തരമുണ്ട്: 'ഏതൊരു നിസ്വന്റെയും കണ്ണീർ തുടയ്ക്കുന്ന മാതൃകാസ്ഥാനമായ ഇടം, അതാണെനിക്ക് ജനാധിപത്യ ഭാരതം'. കുറെക്കൂടെ വിശദീകരിച്ച് അദ്ദേഹം പറയുന്നു: 'സമൂഹത്തിലെ ഏറ്റവും വിളുമ്പിൽ നിൽക്കുന്നവന്റെ, പുറന്തള്ളപ്പെട്ടവന്റെ കൂടി ആഗ്രഹത്തിനൊത്തു ഭരണചക്രം തിരിയുന്ന, അവന്റെ വാക്കിന് കേൾവിയുണ്ടാകുന്ന തരത്തിലുള്ള ഭരണക്രമമാണ് ജനാധിപത്യം'.

ഏതൊരു സമൂഹത്തിനും മതവൈജാത്യങ്ങൾക്കും ദേശഭാഷാ വൈവിധ്യങ്ങൾക്കും പീഡിത ജനവിഭാഗത്തിനും അഭയാർഥികൾക്കും ഇടം നൽകുന്ന ഭരണഘടനയുള്ള നാടാണ് ഭാരതം.

വൈവിധ്യങ്ങളെ ഉൾക്കൊള്ളുന്ന 'ഒരൊറ്റ ജനത, ഒരൊറ്റ ഇന്ത്യ' എന്ന സ്വപ്നം ഇന്ന് വെല്ലുവിളിക്കപ്പെടുകയല്ലേ? മണിപ്പൂരിലെ കലാപം മാസങ്ങൾ പിന്നിട്ടിട്ടും ശമിച്ചിട്ടില്ല. രാഷ്ട്രീയ ലാഭത്തിനുവേണ്ടി കൊലയും കൊള്ളയും നടത്തുകയും സ്ത്രീത്വത്തെ അപമാനിക്കുകയും ആക്രമണങ്ങൾ നടത്തുകയും കിരാതമായ വംശഹത്യ നടത്തുകയും ചെയ്യുന്നതു തുടരുന്നത് ഏതൊരു മനുഷ്യന്റെയും മനഃസാക്ഷിയെ വേദനിപ്പിക്കുന്നതാണ്. മണിപ്പൂരിൽ നടന്നതൊക്കെ ഒറ്റപ്പെട്ട സംഭവമായി വിശേഷിപ്പിക്കാനാകില്ല. രാജ്യത്തെ വിവിധ സ്ഥലങ്ങ

ളിൽ ഇത്തരം സംഭവങ്ങൾ അരങ്ങേറുന്നുണ്ട്. ബഹുസ്വരത ഏകമെന്ന ഏകകത്തിലേക്ക് മാറ്റിവരയ്ക്കപ്പെടുമ്പോഴും ജനാധിപത്യം ഭൂരിപക്ഷത്തിന്റെ പേശിബലത്തിനു വിധേയപ്പെടുമ്പോഴും സ്വാതന്ത്ര്യ പ്രസ്ഥാനത്തിന്റെ മുന്നണി പോരാളികളായ നമ്മുടെ നേതാക്കൾ കണ്ട ഇന്ത്യയെന്ന സ്വപ്നത്തിന്റെ കടയ്ക്കൽ കത്തിവയ്ക്കുകയാണെന്നു നാം മനസ്സിലാക്കണം. ദേശീയതയുടെയും രാഷ്ട്രസ്നേഹത്തിന്റെയും പേരിൽ എല്ലാ ദുർബല ശബ്ദങ്ങളും അടിച്ചമർത്തപ്പെടുന്ന അവസ്ഥ ഉണ്ടാകരുത്. ലോകത്തിന്റെ ശതകോടീശ്വരന്മാരിൽ ഭൂരിഭാഗവും നമ്മുടെ നാട്ടിലാകുമ്പോഴും ലോകത്തിലെ വിശക്കുന്ന വയറുകൾ ഏറെയും ഈ നാട്ടിലാണെന്ന കാര്യം നമ്മെ അസ്വസ്ഥരാക്കുന്നുണ്ട്. വിശന്നപ്പോൾ ഭക്ഷണം മോഷ്ടിച്ച മധു എന്ന പാവത്തെ തല്ലിക്കൊന്ന നാടാണ് നമ്മുടേത് എന്നു കേൾക്കുമ്പോൾ നമുക്ക് ലജ്ജിക്കേണ്ടിവരുന്നു. ജനാധിപത്യമെന്നത് ഭൂരിപക്ഷം ന്യൂനപക്ഷത്തെ ചവിട്ടിത്തേക്കലാണ് എന്നുള്ളതിലേക്ക് അധഃപതിക്കുന്നുണ്ടെങ്കിൽ അത് അപകടകരമാണ്.

ഭരണഘടന വിഭാവനം ചെയ്യുന്ന ബഹുസ്വരതയും മതേതരത്വവും മതനിരപേക്ഷതയും നിലനിർത്തുവാൻ നമുക്ക് പരിശ്രമിക്കാം. രാജ്യത്തെ പൗരന്മാരായ നമുക്ക് ജനാധിപത്യത്തെ ശക്തിപ്പെടുത്തുന്ന എല്ലാ പ്രവർത്തനങ്ങൾക്കും നേതൃത്വം നൽകാം. സ്വാതന്ത്ര്യത്തിന്റെ 76 വർഷങ്ങൾ പിന്നിടുമ്പോൾ ഓരോ പൗരന്റെയും ദൗത്യം വ്യക്തമായി മനസ്സിലാക്കി അതിനനുസൃതമായി ക്രിയാത്മകമായി പ്രവർത്തിക്കാം.

ദൈവം നമ്മെ അനുഗ്രഹിക്കട്ടെ.

+ Pauly Kannookadan

ഇരിങ്ങാലക്കുട
25.07.2023

**മാർ പോളി കണ്ണൂക്കാടൻ**
ഇരിങ്ങാലക്കുട രൂപത മെത്രാൻ

No: 3885/K-5/KCBC/OL/DS 10.07.2023

## 2023 ഡിസംബർ മാസത്തിലെ കേരളാദിവ്യകാരുണ്യ കോൺഗ്രസ്സ് സംബന്ധിച്ച് കെസിബിസി പുറപ്പെടുവിക്കുന്ന സർക്കുലർ

അഭിവന്ദ്യപിതാക്കന്മാരേ, വൈദികരേ, സന്ന്യസ്തരേ, സഹോദരീ സഹോദരന്മാരേ,

നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ സമാധാനം ഏവർക്കും നേരുന്നു. സഭയെ നിരന്തരം നയിക്കുന്ന ദൈവാത്മാവിൽ ആശ്രയിച്ച് കേരളസഭയിൽ നവീകരണ പ്രവർത്തനങ്ങൾ പുരോഗമിക്കുകയാണ്. നവീകരണ പ്രവർത്തനങ്ങൾക്ക് കൃത്യമായ ദിശാബോധവും ഏകീകൃതഭാവവും ലഭിക്കുന്നതിനായി പ്രസിദ്ധീകരിച്ചിട്ടുള്ള പ്രവർത്തനരേഖയുടെ അടിസ്ഥാനത്തിലാണ് കേരളസഭ-രൂപതാ-ഇടവക-കുടുംബതലങ്ങളിലുള്ള നവീകരണ പ്രവർത്തനങ്ങൾ സംഘടിപ്പിക്കപ്പെടുന്നത്.

കേരസഭാനവീകരണ പ്രവർത്തനങ്ങളുടെ ഭാഗമായി ഈ വർഷം ഡിസംബറിൽ ദിവ്യകാരുണ്യ കോൺഗ്രസ് നടത്തുന്ന കാര്യം ഇതിനോടകം ഏവർക്കും അറിയാവുന്നതാണല്ലോ. ദിവ്യകാരുണ്യ ത്തിൽ അധിഷ്ഠിതവും കേന്ദ്രീകൃതവുമായ നവീകരണമാണ് സഭയിൽ സംഭവിക്കേണ്ടത്. വിശുദ്ധകുർബാനവഴി സഭ എന്നും നവമായി ജനിക്കുന്നുവെന്ന് 'സ്നേഹത്തിന്റെ കൂദാശ' (Sacramentum Caritatis) എന്ന അപ്പസ്തോലിക പ്രബോധനത്തിലൂടെ ബനഡിക്റ്റ് 16-ാമൻ മാർപാപ്പ നമ്മെ അനുസ്മരിപ്പിക്കുന്നുണ്ട് (SC 6).

2023 ഡിസംബർ 1, 2, 3, (വെള്ളി, ശനി, ഞായർ) തീയതികളായി വരാപ്പുഴ അതിരൂപതയുടെ കീഴിലുള്ള വല്ലാർപാടം ബസിലിക്കയിൽ വച്ചാണ് കേരളാദിവ്യകാരുണ്യ കോൺഗ്രസ് സംഘടിപ്പിക്കുന്നത്.

### ദിവ്യകാരുണ്യ കോൺഗ്രസിന്റെ ലക്ഷ്യം

ദിവ്യകാരുണ്യം കേന്ദ്രീകരിച്ചുള്ള ദൈവജനത്തിന്റെ കൂടിവരവാണ് ദിവ്യകാരുണ്യ കോൺഗ്രസ്. അന്തർദേശീയമായും ദേശീയമായും പ്രാദേശികമായും ദിവ്യകാരുണ്യ കോൺഗ്രസ് സംഘടിപ്പിക്കാറുണ്ട്.

സഭാസമൂഹത്തിന് ദിവ്യകാരുണ്യത്തെക്കുറിച്ച് ആഴമായ അറിവു നല്കുക, ദിവ്യകാരുണ്യത്തിലെ യേശുവിന്റെ യഥാർത്ഥ സാന്നിദ്ധ്യ ത്തിന് പരസ്യമായ ആരാധനയും സാക്ഷ്യവും നൽകുക, സഭാംഗങ്ങ

ളിൽ ദിവ്യകാരുണ്യത്തിലുള്ള വിശ്വാസവും ഭക്തിയും വർദ്ധിപ്പിക്കുക, പരസ്യമായ ദിവ്യകാരുണ്യ ആരാധനയിലൂടെ വിശ്വാസികൾക്കിടയിൽ പരസ്പരസ്നേഹവും ഐക്യവും വർദ്ധിപ്പിക്കുക എന്നിവയാണ് ദിവ്യകാരുണ്യ കോൺഗ്രസിലൂടെ ലക്ഷ്യം വയ്ക്കുന്നത്.

1881-ൽ ഫ്രാൻസിലാണ് ആദ്യത്തെ അന്തർദേശീയ ദിവ്യകാരുണ്യ കോൺഗ്രസ്സ് നടന്നത്. 38-ാമത്തെ അന്തർദേശീയ ദിവ്യകാരുണ്യ കോൺഗ്രസ് നടന്നത് മുംബൈയിൽ വച്ചായിരുന്നു. 2024ൽ 53-ാമത് അന്തർദേശീയ ദിവകാരുണ്യ കോൺഗ്രസ് ഇക്വദോറിൽവച്ചാണ് നടക്കുന്നത്. കേരളസഭയിൽ നാം സംഘടിപ്പിക്കുന്നത് പ്രാദേശികതലത്തിലുള്ള ദിവ്യകാരുണ്യ കോൺഗ്രസ് ആണ്. ആഘോഷമായ വിശുദ്ധ കുർബാന, ദിവ്യകാരുണ്യ ആരാധന, പ്രദക്ഷിണം, പ്രബോധനങ്ങൾ, ചർച്ചകൾ, ദിവ്യകാരുണ്യ അത്ഭുതങ്ങളുടെ എക്സിബിഷൻ തുടങ്ങിയ വിപുലമായ പരിപാടികളോടെയാണ് ദിവ്യകാരുണ്യ കോൺഗ്രസ് സംഘടിപ്പിക്കുന്നത്.

'നാഥാ, ഞങ്ങളോടൊത്ത് വസിച്ചാലും' (Mane Nobiscum Domine) എന്ന എമ്മാവൂസ് ശിഷ്യരുടെ അപേക്ഷവാക്യമാണ് (ലൂക്കാ 24:29) വല്ലാർപാടത്ത് സംഘടിപ്പിക്കുന്ന ദിവ്യകാരുണ്യ കോൺഗ്രസിന്റെ പ്രമേയം.

**ദിവ്യകാരുണ്യ കോൺഗ്രസിൽ പങ്കെടുക്കുന്നവർ**

കേരളത്തിലെ 32 രൂപതകളിലെ അയ്യായിരത്തോളം ഇടവകകളിൽ നിന്നായി അയ്യായിരം അല്മായ പ്രതിനിധികളും (ഒരു ഇടവകയിൽ നിന്ന് ഒരാൾ എന്ന നിലയ്ക്ക്) അഞ്ഞൂറിലേറെ വൈദികരും വിവിധ സന്ന്യാസമൂഹങ്ങളിൽ നിന്നായി നാനൂറോളം സന്ന്യസ്തരും കേരളത്തിലെ എല്ലാ മേജർ സെമിനാരി റെക്ടർമാരും 500 വാളണ്ടിയർമാരും, 200 റിസോഴ്സ് ടീം അംഗങ്ങളും 2000 യുവജനങ്ങളും കേരള കത്തോലിക്കാസഭയിലെ മുഴുവൻ മെത്രാന്മാരും ദിവ്യകാരുണ്യ കോൺഗ്രസിൽ പങ്കെടുക്കും.

വരാപ്പുഴ, എറണാകുളം, മൂവാറ്റുപുഴ, കൊച്ചി, കോട്ടപ്പുറം എന്നീ രൂപതകളിലെ 150 ഇടവകകളിലായിട്ടാണ് ദിവ്യകാരുണ്യ കോൺഗ്രസിൽ പങ്കെടുക്കുന്നവരുടെ താമസം ക്രമീകരിക്കുന്നത്.

രൂപതയിൽ നിന്ന് പ്രതിനിധികളെ തെരഞ്ഞെടുക്കുമ്പോൾ 40% സ്ത്രീകൾ, 40% പുരുഷന്മാർ, 10% യുവതികൾ, 10% യുവാക്കൾ എന്നീ മാനദണ്ഡം പാലിക്കുന്നത് ഉചിതമായിരിക്കും. ഓരോ ഇടവകയിൽ

നിന്നും പങ്കെടുക്കുന്ന അല്മായ പ്രതിനിധികളും രൂപതയിൽ നിന്നുള്ള വൈദികരും അവരവരുടെ രൂപതാടിസ്ഥാനത്തിലാണ് പേരുകൾ രജിസ്റ്റർ ചെയ്യേണ്ടത്. രൂപതാടിസ്ഥാനത്തിൽ തയ്യാറാക്കുന്ന രജിസ്ട്രേഷൻ സംബന്ധിച്ച വിവരങ്ങളും ഫീസും 2023 നവംബർ ഒന്നിനു മുൻപ് കെസിബിസി ഡെപ്യൂട്ടി സെക്രട്ടറിയുടെ പേരിൽ പി.ഒ.സി. ഓഫീസിൽ ഏല്പിക്കേണ്ടതാണ്.

അല്മായരെ കൂടാതെ രൂപതകളെ പ്രതിനിധീകരിക്കുന്നത് മുഖ്യവികാരിജനറാൾ, ഫൊറോന/ജില്ലാ വികാരിമാർ, രൂപതാദ്ധ്യക്ഷൻ നിശ്ചയിക്കുന്ന അഞ്ച് യുവവൈദികർ എന്നിവരാണ്. സന്യസ്തസമൂഹങ്ങളുടെ സൂപ്പീരിയർ ജനറാൾമാർ, പ്രൊവിൻഷ്യൽ സുപ്പീരിയേഴ്സ് കൂടാതെ ഓരോ പ്രോവിൻസിൽനിന്നും ഒരു സന്ന്യാസിനി/സന്യാസി എന്നിവരാണ്. സന്യാസസമൂഹങ്ങളെ പ്രതിനിധീകരിക്കുന്നവരുടെ രജിസ്ട്രേഷൻ സംബന്ധിച്ച വിവരങ്ങളും ഫീസും അതതു സന്യാസ സമൂഹാധികാരികൾ നവംബർ ഒന്നിന് മുമ്പ് തന്നെ ഡെപ്യൂട്ടി സെക്രട്ടറിയെ ഏല്പിക്കേണ്ടതാണ്.

**സാമ്പത്തിക കാര്യങ്ങൾ**

ദിവ്യകാരുണ്യ കോൺഗ്രസ് പ്രാദേശികതലത്തിൽ വിപുലമായ പരിപാടികളോടെ നടത്തപ്പെടുമ്പോൾ ഉണ്ടാകുന്ന ഭാരിച്ച സാമ്പത്തിക ബാധ്യതയെ കുറിച്ച് പ്രത്യേകം പരാമർശിക്കേണ്ടതില്ലല്ലോ. ആയതിനാൽ ഓരോ പ്രതിനിധിയും 1500 രൂപ രജിസ്ട്രേഷൻ ഫീസായി നല്കണം. ദിവ്യകാരുണ്യ കോൺഗ്രസിന്റെ നടത്തിപ്പിനായി വരുന്ന ചിലവുകൾ കേരള സഭാമക്കൾ എല്ലാവരുംകൂടി ഏറ്റെടുക്കേണ്ടതുണ്ട്. അതിനാൽ ഇടവകയെ പ്രതിനിധീകരിക്കുന്ന വ്യക്തിയുടെ രജിസ്ട്രേഷൻ തുക ആവശ്യമെങ്കിൽ ഇടവകയിൽ നിന്ന് നല്കണമെന്ന് നിർദേശിക്കുന്നു. സന്ന്യസ്തരുടെ രജിസ്ട്രേഷൻ തുക അതതു സന്ന്യസ്തസമൂഹങ്ങളും രൂപതാ വൈദികരുടേത് രൂപതകളും വഹിക്കേണ്ടതുമാണ്. അപ്രകാരം ആർക്കും പ്രത്യേകം സാമ്പത്തിക ഭാരം വരാതെ തന്നെ എല്ലാവരുടെയും സഹകരണത്തോടെ കേരളാദിവ്യകാരുണ്യ കോൺഗ്രസ് വിജയകരമായി നടത്താൻ നമുക്കു സാധിക്കും.

**ദിവ്യകാരുണ്യ കോൺഗ്രസിനു മുൻപുള്ള ഒരുക്കങ്ങൾ**

വല്ലാർപാടത്തു സംഘടിപ്പിക്കപ്പെടുന്ന കേരളാദിവ്യകാരുണ്യ കോൺഗ്രസിനു മുന്നോടിയായി രൂപതാ - ഇടവകതലങ്ങളിൽ ആവശ്യമായ ഒരുക്കങ്ങൾ നടത്തേണ്ടതാണ്. ദിവ്യകാരുണ്യ കോൺഗ്രസിൽ പങ്കെടുക്കുന്ന ഡെലിഗേറ്റ്സിന്റെ രജിസ്ട്രേഷൻ

നടത്തിയശേഷം അവരെ രൂപതാതലത്തിൽ വിളിച്ചു ചേർത്ത് ആവശ്യമായ പരിശീലനം നല്കണം. കൂടാതെ ഇടവകതലത്തിൽ ദിവ്യകാരുണ്യദിനം, ദിവ്യകാരുണ്യ ആരാധന, റാലി, ദിവ്യകാരുണ്യ ധ്യാനങ്ങൾ, പ്രബോധനങ്ങൾ, ചർച്ചകൾ എന്നിവ സംഘടിപ്പിക്കേണ്ട താണ്. രൂപതകളിൽനിന്നും സന്യാസസമൂഹങ്ങളിൽനിന്നും സംസ്ഥാനതലത്തിൽ പരിശീലനത്തിനയച്ച റിസോഴ്സ് ടീമിനെ ഇടവകകളിൽ പ്രയോജനപ്പെടുത്താവുന്നതാണ്. വിജയപുരത്ത് വിമലഗിരി പാസ്റ്ററൽ സെന്ററിൽ വച്ച് പ്രസ്തുത റിസോഴ്സ് ടീം അംഗങ്ങൾക്ക് ആവശ്യമായ പരിശീലനം നല്കിയിട്ടുണ്ട്.

**ദിവ്യകാരുണ്യത്തെ പുൽകുന്ന സഭ**

ദിവ്യകാരുണ്യത്തോട് ചേർന്നുനില്ക്കാൻ അതിയായി ആഗ്രഹി ക്കുന്ന സമൂഹമായി കേരളസഭ ഇനിയും പരിവർത്തനപ്പെടേണ്ടതുണ്ട്. മനുഷ്യരക്ഷയ്ക്കായി നൽകപ്പെട്ട ഏകനാമം യേശുക്രിസ്തുവിന്റേ താണ് (നടപടി 4:12). അവിടുത്തെ നാമമാകട്ടെ ദൈവത്തിന്റെ നിസ്സീമമായ കരുണയെയാണ് പ്രകാശിപ്പിക്കുന്നത്. ആത്മാവിന്റെ രക്ഷയ്ക്കായി പരിശ്രമിക്കുന്നവർക്ക് അവിടത്തെ നാമം വലിയ പ്രത്യാശ നൽകുന്നു. ദൈവത്തിന്റെ കരുണയുടെ മുഖം ഈ കാലയളവിൽ നാം പ്രകാശിപ്പിക്കേണ്ടതാണെന്ന ചിന്ത നമ്മിൽ രൂഢമൂലമാകണം.

ഈശോയുടെ ദിവ്യമായ സ്നേഹത്തിന്റെ അഗ്നിയാണ് ദിവ്യസക്രാ രിയിലെ ദിവ്യകാരുണ്യം. നമ്മുടെ രക്ഷയ്ക്കുവേണ്ടി എരിയുന്ന ആ സ്നേഹാഗ്നിയോട് ചേർന്നു നില്ക്കാനാണ് നാം ദിവ്യകാരുണ്യ കോൺഗ്രസിലൂടെ പരിശ്രമിക്കുന്നത്. ബഹു. വികാരിയച്ചന്മാരും വൈദികരും സന്ന്യസ്തരും അല്മായ നേതൃത്വവും ഇക്കാര്യത്തിൽ, വിശ്വാസത്തിൽ സഹകാരികളായ നമ്മുടെ സഹോദരർക്ക് ഉദാത്ത മാതൃക നല്കിക്കൊണ്ട് ദിവ്യകാരുണ്യ സ്നേഹത്തിൽ അധിഷ്ഠിത മായ വിശ്വാസജീവിതം നയിക്കാൻ പ്രേരിപ്പിക്കണം. സഭാനവീകരണം പൂർത്തിയാകുന്നത് ഈശോയോടുള്ള നമ്മുടെ സ്നേഹം അവിടുന്ന് ആഗ്രഹിക്കുന്നവിധം ഊഷ്മളമാകുമ്പോഴാണ്. പരസ്പരം ക്ഷമി ക്കാനും വിട്ടുവീഴ്ച ചെയ്യാനും സഹകരിക്കാനും സാധിക്കുന്നവിധ ത്തിൽ തുറവിയുള്ളതും നിർമ്മലവുമായിരിക്കട്ടെ നമ്മുടെ ബന്ധങ്ങൾ. അങ്ങനെ ഈശോയുടെ ദിവ്യകാരുണ്യത്തിന്റെ യഥാർഥ അവകാശി കളും സാക്ഷികളുമായി സമൂഹത്തിൽ ജീവിക്കാൻ ദിവ്യകാരുണ്യ കോൺഗ്രസ് നമ്മെ സഹായിക്കട്ടെ.

ദിവ്യകാരുണ്യത്തെ മുൻനിർത്തിയുള്ള സഭാത്മകമായ ഈ ഒത്തുചേരൽ നമ്മുടെ വിശ്വാസത്തിന്റെ പ്രഘോഷണമായി പരിണമിക്കുന്നതിനും ദിവ്യകാരുണ്യ ഭക്തിയിൽ കേരളസഭ കൂടുതൽ ആഴപ്പെടുന്നതിനും ഈ ദിവ്യകാരുണ്യ കോൺഗ്രസ് വിജയകരമായി നടത്തുന്നതിനും ദിവ്യകാരുണ്യനാഥന്റെ മുന്നിൽ നിരന്തരം നമുക്കു പ്രാർഥിക്കാം.

നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ കാരുണ്യം, അനുഗ്രഹവും സമാധാനവും ബലിയും സ്തോത്രവുമാകുന്ന വിശുദ്ധ കുർബാനയിലൂടെ സഭാമക്കളായ നിങ്ങൾക്കേവർക്കും സമൃദ്ധമായി ലഭിക്കട്ടെയെന്ന് പ്രാർഥിക്കുന്നു.

എല്ലാ അനുഗ്രഹങ്ങളും നേർന്നുകൊണ്ട്,

കേരള കത്തോലിക്കാസഭയ്ക്കുവേണ്ടി,

**കർദിനാൾ ബസേലിയോസ് ക്ലീമിസ് കാതോലിക്കാ ബാവ**
പ്രസിഡന്റ്, കെസിബിസി

**ബിഷപ് മാർ പോളി കണ്ണൂക്കാടൻ**
വൈസ് പ്രസിഡന്റ്, കെസിബിസി

**ബിഷപ് ഡോ. അലക്സ് വടക്കുംതല**
സെക്രട്ടറി ജനറൽ, കെസിബിസി

Ref: 3887/K-5/KCBC/OL/DS 15.07.2023

## തടവറ പ്രേഷിത ഞായർ
## (ആഗസ്റ്റ് 13, 2023)

നീ ഇന്ന് എന്നോടുകൂടെ പറുദീസയിൽ ആയിരിക്കും
(ലൂക്കാ 23, 43)

മിശിഹായിൽ പ്രിയ സഹോദരീ സഹോദരന്മാരേ,

ഭാരതത്തിലെ കത്തോലിക്കാ സഭ ഇന്ന് തടവറ പ്രേഷിത ഞായർ ആചരിക്കുന്നു. വിശുദ്ധ മാക്സിമില്യൻ കോൾബെയുടെ തിരുനാളിനോടനുബന്ധിച്ചാണ് നമ്മൾ തടവറ പ്രേഷിതഞായർ ആചരിക്കുന്നത്. ഔഷ്‌വിറ്റ്സിലെ മരണക്യാമ്പിൽ സഹതടവുകാരനുവേണ്ടി തന്റെ ജീവൻ ഹോമിച്ച് സ്നേഹത്തിന്റെ സമുന്നത സാക്ഷ്യം നല്കിയ വിശുദ്ധ മാക്സിമില്യൻ കോൾബെയെ ജയിൽ പ്രേഷിതപ്രവർത്തകരുടെ മധ്യസ്ഥനായി ഭാരതത്തിലെ കത്തോലിക്കാ മെത്രാൻസമിതി 2003 ആഗസ്റ്റ് പതിനേഴാം തീയതി ഔദ്യോഗികമായി പ്രഖ്യാപിച്ചു. എല്ലാ വർഷവും ഓഗസ്റ്റ് മാസത്തിലെ രണ്ടാം ഞായറാഴ്ച തടവറ പ്രേഷിത ഞായർ ആയി ആചരിച്ചുവരുന്നു. തടവറയിൽ ആയിരിക്കുന്നവരെയും അവരുടെ കുടുംബങ്ങളെയും കുറ്റകൃത്യങ്ങൾക്ക് ഇരകളായി മാറിയവരെയും സവിശേഷമായവിധം നാമിന്ന് സ്മരിക്കുന്നു.

"ബന്ധിതർക്ക് മോചനവും അന്ധർക്കു കാഴ്ചയും അടിച്ചമർത്തപ്പെട്ടവർക്ക് സ്വാതന്ത്ര്യവും" പ്രഖ്യാപിച്ചുകൊണ്ട് കർത്താവു നിർവ്വഹിച്ച രക്ഷാകരമായ ദൗത്യമാണ് ഇന്ന് സഭയിലൂടെ തുടരുന്നത് (ലൂക്കാ 4:18). ഈ സമഗ്രവിമോചനത്തിന്റെ ശുശ്രൂഷയും ദൗത്യനിർവ്വഹണവുമാണ് ആഴത്തിലും അർത്ഥപൂർണ്ണമായും തടവറ പ്രേഷിതപ്രവർത്തനങ്ങളിലൂടെ യാഥാർത്ഥ്യമാകുന്നത്. "ഞാൻ കാരാഗൃഹത്തിൽ ആയിരുന്നു; നിങ്ങൾ എന്റെ അടുത്തുവന്നു" (മത്താ 25:36) എന്ന ക്രിസ്തുമൊഴികൾ അന്ത്യവിധിയുടെ മാനദണ്ഡങ്ങൾ അടയാളപ്പെടുത്തുന്നവയാണ്. ബന്ധിതരും പാർശ്വവത്ക്കരിക്കപ്പെട്ടവരുമുൾപ്പെടുന്ന ചെറിയവർക്ക് നന്മ ചെയ്യുമ്പോഴെല്ലാം കർത്താവിനെയാണ് ശുശ്രൂഷിക്കുന്നത് എന്ന സത്യം ക്രൈസ്തവ ആധ്യാത്മികതയുടെ ഉൾപ്പൊരുളാണ്. കുറ്റം ചെയ്തവരും ചെയ്യാത്തവരും വിപരീതസാഹചര്യങ്ങളിലകപ്പെട്ട് നിസ്സഹായരുമായ പതിനായിരങ്ങൾ തടവറയിൽ കഴിയുന്നുണ്ട്. ഈ സഹോദരങ്ങളിൽ ക്രൂശിതന്റെ മുഖം ദർശിച്ച് ഇവർക്കുവേണ്ടി പ്രാർത്ഥിക്കാനും ത്യാഗപൂർവ്വം പ്രവർത്തിക്കാനുമുള്ള വിലപ്പെട്ട അവസരമാണ് ജീസസ് ഫ്രട്ടേണിറ്റി എന്ന പ്രേഷിത സംഘടന സജ്ജമാക്കുന്നത്.

**ജയിൽവാസികളുടെ സ്ഥിതിവിവരങ്ങൾ**

നാഷണൽ ക്രൈം റെക്കോർഡ്സ് ബ്യൂറോയുടെ കണക്കനുസരിച്ച് ഇന്ത്യയിലെ 1319 ജയിലുകളിലായി അഞ്ചര ലക്ഷത്തോളം പേർ തടവറകളിൽ കഴിയുന്നുണ്ട്. അതിൽ 1,22,852 പേർ വിചാരണ കഴിഞ്ഞ് ശിക്ഷ അനുഭവിക്കുന്നവരാണ്. 1867 പേർ കുട്ടികളാണ്, 1650 പേർ കുട്ടികൾ ഒപ്പമുള്ള സ്ത്രീകളാണ്, 5565 പേർ വിദേശീയരായ തടവുകാരാണ്, എന്നാൽ 4,27,165 പേർ വിചാരണ നേരിടുന്ന തടവുകാരാണ്. അവർ ഒരു കുറ്റത്തിനും വിധിക്കപ്പെട്ടവരല്ല; വിചാരണ കാത്തുകിടക്കുന്നവരാണ്. ജാമ്യം ലഭിച്ചെങ്കിലും ജാമ്യത്തുക സംഘടിപ്പിക്കാനോ അത്തരത്തിലുള്ള ക്രമപ്പെടുത്തലുകൾ നടത്താനോ സാധിക്കാത്തതിനാൽ തുടർന്നും തടവറയിൽ തന്നെ കഴിയേണ്ടിവരുന്ന ഹതഭാഗ്യരും ഇക്കൂട്ടത്തിലുണ്ട്. അവരുടെ കുട്ടികളും പ്രിയപ്പെട്ടവരും അവർ സ്വതന്ത്രരായി പുറത്തുവരുന്നത് കാണാൻ കാത്തിരിക്കുകയാണ്. ഇന്ത്യയിൽ 472 പേർ വധശിക്ഷ കാത്തുകിടക്കുന്ന തടവുകാരാണെന്ന വസ്തുത ഏറെ ദുഃഖകരമാണ്. വധശിക്ഷയ്ക്ക് വിധിക്കപ്പെട്ടശേഷം അത് നടപ്പിലാക്കപ്പെടുന്നതുവരെയുള്ള ദിനങ്ങളിലൂടെ കടന്നുപോകുന്നവരുടെ മാനസികാവസ്ഥ എത്രയധികം ഭീതിജനകമാണ്! ഇവരുടെ വിമോചനത്തിനും പരിവർത്തനത്തിനും വീണ്ടെടുപ്പിനുംവേണ്ടി നമുക്ക് ആവുന്നതൊക്കെ ചെയ്യാം. പ്രാർഥനയും തീക്ഷ്ണമായ ശ്രമങ്ങളുംവഴി മരണപ്പട്ടികയിൽ ഉണ്ടായിരുന്ന അനവധി തടവുകാരെ ജീവപര്യന്തത്തിലേക്ക് മാറ്റുവാൻ ഇതിനോടകം നമുക്ക് സാധിച്ചിട്ടുണ്ട്.

**വധശിക്ഷ ഒഴിവാക്കപ്പെടണം**

വധശിക്ഷ അതിക്രൂരവും മനുഷ്യമഹത്വത്തെ പൂർണമായി നിരാകരിക്കുന്നതുമായ ഒരു പ്രവൃത്തിയാണ്. കത്തോലിക്കാ സഭ സമ്പൂർണമായും വധശിക്ഷയെ എതിർക്കുന്നു; അതിനെ ഒരുവിധത്തിലും സഭ ഉൾക്കൊള്ളുന്നില്ല. കുറ്റാരോപിതൻ ആരെന്നോ, കുറ്റത്തിന്റെ സ്വഭാവമോ സാഹചര്യമോ എന്തെന്നോ, വ്യക്തി കുറ്റക്കാരനോ നിഷ്കളങ്കനോ എന്നതോ, വിധി നടപ്പാക്കുന്ന രീതി എപ്രകാരമെന്നോ നോക്കാതെ സഭ വധശിക്ഷയ്ക്കു എതിരുനിൽക്കുന്നു. കാരണം, ജീവിക്കാനുള്ള മനുഷ്യാവകാശത്തിന്റെ നഗ്നമായ ലംഘനമാണ് വധശിക്ഷ. ജീവന്റെ ഉടമയായ ദൈവത്തിനു മാത്രമേ ഒരു വ്യക്തിയുടെ ജീവൻ തിരിച്ചെടുക്കാൻ അവകാശമുള്ളൂ. ഒരാൾ അതിക്രൂരമായ കുറ്റം ചെയ്താലും മനുഷ്യനെന്ന നിലയിൽ അയാളുടെ വ്യക്തിമഹാത്മ്യം നഷ്ടപ്പെടുന്നില്ല. മനുഷ്യന് സ്വന്തം തെറ്റ് പരിഹരിക്കാനും തിന്മയെ തിരുത്താനും സാധിക്കും എന്ന യാഥാർഥ്യമാണ് വധശിക്ഷയിലൂടെ വിസ്മരിക്കപ്പെടുന്നത്.

**പ്രിസൺ മിനിസ്ട്രി, ഇന്ത്യ**

തടവുകാരുടെയും അവരുടെ കുടുംബാംഗങ്ങളുടെയും ഇരകളുടെയും വിമോചനത്തിനും വളർച്ചയ്ക്കുംവേണ്ടി പ്രവർത്തിക്കുന്ന ഒരു ദേശീയ കത്തോലിക്കാ ആത്മീയ പ്രസ്ഥാനമാണ് പ്രിസൺ മിനിസ്ട്രി, ഇന്ത്യ. ജീസസ്സ് ഫ്രട്ടേണിറ്റി എന്നാണ് ഇത് കേരളത്തിൽ അറിയപ്പെടുന്നത്. കത്തോലിക്കാ മെത്രാൻ സമിതിയുടെ, നീതി, സമാധാനം, വികസനം (Justice, Peace and Development) എന്ന കമ്മീഷന്റെ കീഴിൽ ഇത് പ്രവർത്തിക്കുന്നു. ഭാരതത്തിലെ എല്ലാ സംസ്ഥാനങ്ങളിലും രൂപതകളുമായി ബന്ധപ്പെട്ട് പ്രിസൺ മിനിസ്ട്രി, ഇന്ത്യയുടെ കോ-ഓർഡിനേറ്റർമാരുടെ നേതൃത്വത്തിൽ നിരവധി വോളണ്ടിയേഴ്സ് തടവറ ശുശ്രൂഷാമേഖലയിൽ സജീവമായി പ്രവർത്തിക്കുന്നുണ്ട്.

**കോൾബെ ഭവനങ്ങൾ**

തടവുകാരുടെ മക്കളുടെ സമഗ്ര പുരോഗതിക്കായി പ്രിസൺ മിനിസ്ട്രി, ഇന്ത്യ ആരംഭിച്ചിരിക്കുന്ന സ്ഥാപനങ്ങളാണ് കോൾബെ ഹോംസ്. പ്രിസൺ മിനിസ്ട്രി, ഇന്ത്യയുടെ സുവർണ്ണ ജൂബിലിയോടനുബന്ധിച്ച് ഭാരതത്തിലെ എല്ലാ സംസ്ഥാനങ്ങളിലും ഇത്തരം കോൾബെ ഭവനങ്ങൾ സ്ഥാപിക്കുവാൻ ആഗ്രഹിക്കുന്നു. ഈ സ്വപ്നസാക്ഷാത്ക്കാരത്തിനായി നിങ്ങൾ ഏവരുടെയും തീക്ഷണമായ പ്രാർത്ഥനയും സാമ്പത്തിക സഹായവും അഭ്യർത്ഥിക്കുന്നു. അതോടൊപ്പം, ഈ കുട്ടികൾക്കുവേണ്ടിയും തടവറയിൽ കഴിയുന്ന ഇവരുടെ മാതാപിതാക്കന്മാർക്കുവേണ്ടിയും ഈ സ്ഥാപനങ്ങൾ ത്യാഗപൂർവ്വം നടത്തുന്ന സമർപ്പിത സഹോദരിമാർക്കും വൈദികർക്കും വേണ്ടിയും പ്രാർത്ഥിക്കുവാൻ നമുക്ക് കഴിയണം.

**സ്നേഹാശ്രമങ്ങൾ**

തടവറയിൽനിന്ന് മോചനം ലഭിക്കുന്നവർക്കുവേണ്ടിയുള്ള നവീകരണ - പുനരധിവാസ കേന്ദ്രങ്ങളാണ് സ്നേഹാശ്രമങ്ങൾ. ശിക്ഷ കഴിഞ്ഞ് ഇറങ്ങുന്നവർക്ക് ആത്മീയവും മാനസികവുമായ കരുത്തു പകരുന്ന ഇടത്താവളങ്ങളാണിവ. പുരുഷന്മാർക്കും സ്ത്രീകൾക്കും കുട്ടികൾക്കുമായി മൂന്നു വ്യത്യസ്ത രീതിയിലുള്ള സ്നേഹാശ്രമങ്ങൾ ഇന്ന് കേരളത്തിലുണ്ട്. കുറ്റകൃത്യങ്ങളുടെ ലോകത്തുനിന്നും പരിപൂർണമായി പിന്മാറി കുടുംബത്തിനും സമൂഹത്തിനും ഉപകാരപ്രദവും അഭിമാനകരവുമായ രീതിയിൽ ജീവിതം കരുപ്പിടിപ്പിക്കുവാൻ പ്രാപ്തമാക്കുന്ന പരിശീലനമാണ് ഇവിടെ നല്കപ്പെടുന്നത്. സ്നേഹാശ്രമങ്ങൾ വഴിയായി അഴികൾക്കു പിന്നിലുള്ള ആയിരക്കണക്കിന് സഹോദരങ്ങളെ പരിവർത്തനപ്പെടുത്താനും പുനരധിവസിപ്പിക്കാനും ജോലി നേടിക്കൊടുത്ത് കുടുംബസമേതം സ്വസ്ഥമായി ജീവിക്കുന്നതിനു വഴിയൊരുക്കാനും നമുക്കു സാധിച്ചിട്ടുണ്ട്. വിമോചിതരായ തടവുകാർക്ക് തൊഴിലും ഭവനവും വിദ്യാഭ്യാസ സ്കോളർഷിപ്പുകളും ലഭ്യ

മാക്കുന്നതോടൊപ്പം, തടവുകാർ മോചിതരാകുമ്പോൾ നൽകേണ്ട പിഴയും നഷ്ടപരിഹാരവും കൊടുത്തുതീർക്കുന്നതിനുള്ള പദ്ധതികളുമായി ജീസസ്സ് ഫ്രട്ടേണിറ്റി മുന്നോട്ടുപോകുന്നു. ജീസസ്സ് ഫ്രട്ടേണിറ്റിയുടെ പ്രവർത്തനങ്ങളിൽ പങ്കാളികളാകുവാൻ നിങ്ങളെ എല്ലാവരേയും സ്വാഗതം ചെയ്യുന്നു.

**ഉപസംഹാരം**

'ബന്ധിതർ ആയിരിക്കുന്ന സഹോദരരേ, ഞങ്ങൾ നിങ്ങളെ സ്നേഹിക്കുന്നു, നിങ്ങൾക്കുവേണ്ടി പ്രാർഥിക്കുന്നു, നിങ്ങളുടെ സമഗ്ര വളർച്ചക്കുവേണ്ടി പ്രവർത്തിക്കാൻ ഞങ്ങൾ പ്രതിജ്ഞാബദ്ധരാണ്. ഞങ്ങൾ നിങ്ങളുടെ കുടുംബങ്ങൾക്കും ഇരയായവർക്കുംവേണ്ടി പ്രത്യേകം പ്രാർഥിക്കുന്നു' എന്ന് നമ്മൾ പ്രതിജ്ഞ എടുക്കേണ്ട ദിനമാണിന്ന്. കമ്മീഷനിലെ മെത്രാന്മാർ എല്ലാ രൂപതകളോടും മേജർ സുപ്പിരിയർമാരോടും ഗുണകാംക്ഷികളോടും തടവറ ശുശ്രൂഷയ്ക്കായി നിങ്ങൾ ഔദാര്യപൂർവം നൽകുന്ന സംഭാവനകൾക്ക് ആത്മാർത്ഥമായി കൃതജ്ഞത പ്രകാശിപ്പിക്കുന്നു. തടവറയിലുള്ളവരെ മാനസാന്തരത്തിലേക്ക് നയിക്കുന്നതിനും സമൂഹത്തിൽ പുനരധിവസിപ്പിക്കുന്നതിനുംവേണ്ടി ജീസസ്സ് ഫ്രട്ടേണിറ്റി പ്രേഷിതർ നടത്തുന്ന ത്യാഗനിർഭരമായ പ്രവർത്തനങ്ങളെ ഞങ്ങൾ ആത്മാർഥമായി അഭിനന്ദിക്കുന്നു. വിശുദ്ധ മാക്സിമില്യൻ കോൾബെയുടെ മാധ്യസ്ഥ്യംവഴി നമ്മുടെ ശുശ്രൂഷകൾ കൂടുതൽ ഫലപ്രദമാകട്ടെ. ബന്ധിതരായ നമ്മുടെ സഹോദരരുടെ സമഗ്ര വിമോചനത്തിനായി നമ്മെത്തന്നെ പുനർ സമർപ്പിക്കുമ്പോൾ നമ്മുടെ അമ്മയായ പരിശുദ്ധ മറിയത്തിന്റെ മാധ്യസ്ഥ്യവും നമുക്ക് സഹായകമാകട്ടെ! നഷ്ടപ്പെട്ടതിനെ തേടിയെത്തി രക്ഷ നൽകിയ ക്രിസ്തുനാഥൻ നിങ്ങൾ ഏവരെയും സമൃദ്ധമായി അനുഗ്രഹിക്കട്ടെ.

ഈശോമിശിഹായിൽ സ്നേഹപൂർവ്വം,

**ബിഷപ് മാർ ജോസ് പുളിക്കൽ**

(ചെയർമാൻ, കെസിബിസി ജസ്റ്റിസ്, പീസ് ആൻഡ് ഡെവലപ്പ്മെന്റ് കമ്മീഷൻ)

**ആർച്ച് ബിഷപ് തോമസ് മാർ കൂറിലോസ്**

(വൈസ് ചെയർമാൻ, കെസിബിസി ജസ്റ്റിസ്, പീസ് ആൻഡ് ഡെവലപ്പ്മെന്റ് കമ്മീഷൻ)

**ആർച്ച് ബിഷപ് തോമസ് ജെ. നെറ്റോ**

(വൈസ് ചെയർമാൻ, കെസിബിസി ജസ്റ്റിസ്, പീസ് ആൻഡ് ഡെവലപ്പ്മെന്റ് കമ്മീഷൻ)

---

**N:B:** 2023 ആഗസ്റ്റ് 13-ാം തീയതി ഈ സർക്കുലർ കേരളത്തിലെ സീറോ മലബാർ, ലത്തീൻ, മലങ്കര കത്തോലിക്കാ സഭകളിലെ എല്ലാ ദൈവാലയങ്ങളിലും ദിവ്യബലി അർപ്പിക്കപ്പെടുന്ന എല്ലാ സ്ഥാപനങ്ങളിലും വായിക്കുമല്ലോ.

Ref:3889/K-5/KCBC/OL/DS 24.07.2023

## ജസ്റ്റീസ് സൺഡേ (നീതി ഞായർ)
## 2023 ആഗസ്റ്റ് 20, ഞായർ
## കെസിബിസി SC/ST/BC Commission പുറപ്പെടുവിക്കുന്ന സർക്കുലർ

ഈശോമിശിഹായിൽ ഏറ്റവും പ്രിയ ബഹു. വൈദികരേ, സിസ്റ്റേഴ്സ്, സഹോദരീ സഹോദരന്മാരേ,

ഈ വർഷം ആഗസ്റ്റ് 20-ാം തീയതി ഭാരതസഭ ജസ്റ്റീസ് സൺഡേ (നീതി ഞായർ) ആചരിക്കുകയാണ്. നീതിക്കുവേണ്ടി ദാഹിക്കുന്ന എല്ലാ ജനവിഭാഗങ്ങളോടും ഭാരതസഭ ഐക്യദാർഢ്യം പ്രഖ്യാപിക്കുന്ന ദിനമാണിന്ന്. പ്രത്യേകമായി ഇന്നു നാം ഓർമ്മിക്കേണ്ടത് ദളിത് ക്രൈസ്തവ സഹോദരങ്ങളെയാണ്.

ക്രിസ്തുവിൽ വിശ്വസിച്ചതിന്റെപേരിൽ പട്ടികജാതി സംവരണവും സംരക്ഷണവും നമ്മുടെ മതേതര ജനാധിപത്യരാഷ്ട്രത്തിൽ നിഷേധിക്കപ്പെട്ട ദളിതരാണവർ. 1950 ആഗസ്റ്റ് 10-ാം തീയതി ഇന്ത്യൻ പ്രസിഡന്റ് ഒരു ഉത്തരവിലൂടെ ദളിതരായ ഹിന്ദുക്കൾക്കുമാത്രമായി പട്ടികജാതി സംവരണം അനുവദിച്ചു നൽകി. പിന്നീട് 1956 ൽ ദളിതരായ സിക്കു മതക്കാർക്കും 1990ൽ ദളിതരായ ബുദ്ധമതക്കാർക്കും ഈ സംവരണാനുകൂല്യം അനുവദിക്കുകയുണ്ടായി. എന്നാൽ ദളിത് ക്രൈസ്തവർക്ക് ഈ അവകാശം ഇന്നുവരെ നിഷേധിക്കപ്പെട്ടിരിക്കുകയാണ്. ഇത് ഭരണഘടനാലംഘനവും എതിർക്കപ്പെടേണ്ട മതവിവേചനവുമാണ്. ഈ മനുഷ്യാവകാശലംഘനത്തിനെതിരെ ദളിത് ക്രൈസ്തവ സഹോദരങ്ങൾ നിരന്തരമായ പോരാട്ടത്തിലാണ്. ക്രിസ്തുശരീരമായ സഭയിലെ അംഗങ്ങളായ ഈ ദളിത് ക്രൈസ്തവസഹോദരങ്ങളുടെ നീതിക്കുവേണ്ടിയുള്ള പോരാട്ടത്തിൽ സഭാമാതാവും ദളിത് മക്കളെ കരുതുന്നുണ്ട് എന്ന് ഉറപ്പാക്കേണ്ട ദിനമാണിത്.

ഭാരതത്തിലെ പരമോന്നത നീതിപീഠമായ സുപ്രീം കോടതി ദളിത് ക്രൈസ്തവർക്ക് പട്ടികജാതിസംവരണം നൽകുന്നതുമായി ബന്ധപ്പെട്ടുകൊണ്ടുള്ള കേസ് പരിഗണിച്ചുകൊണ്ട് വിസ്താരത്തിനായി എടുക്കുവാൻ ഉത്തരവിട്ടിരിക്കുകയാണ്. 2004 ൽ ആണ് ഈ കേസ് സുപ്രീം കോടതിയിൽ എത്തിയത്. ഭാരതമെത്രാന്മാരുടെ സമിതിയായ CBCI ഈ കേസിൽ ഒരു കക്ഷികൂടിയാണ്. ഭാരിച്ച കോടതിച്ചെലവിലേക്കായി KCBC സാമ്പത്തികസഹായം നൽകുന്നുണ്ട്. 2023 ജൂലൈ 9-ാം തീയതി ഞായറാഴ്ച ഈ ആവശ്യത്തിനായി പ്രാർത്ഥനാദിനമായി കേരളസഭ ആചരിക്കുകയുണ്ടായി. ഈ നിയോഗത്തിനായി കേരള കത്തോലിക്കാസഭ ഒറ്റക്കെട്ടായി ഇനിയും പ്രാർത്ഥിക്കണം.

ദളിത് കത്തോലിക്കാസഹോദരങ്ങളുടെ ദുസ്ഥിതിക്ക് അറുതി വരുത്തുവാൻ കേരളസഭ ദളിത് കത്തോലിക്കാ കുട്ടികളുടെ വിദ്യാഭ്യാസത്തിന് ഈ കഴിഞ്ഞകാലങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിച്ചിട്ടുണ്ട്. വിവിധ കോഴ്സുകളിൽ പ്രശസ്തവിജയം കരസ്ഥമാക്കിയ ദളിത് കത്തോലിക്കാവിദ്യാർത്ഥികൾക്ക് KCBC സ്കോളർഷിപ്പ് ഏർപ്പെടുത്തിയിട്ടുണ്ട്.

മിനിമം യോഗ്യതയുള്ള എല്ലാ ദളിത് വിദ്യാർത്ഥികൾക്കും നമ്മുടെ സഭാ വക സ്ഥാപനങ്ങളിൽ അഡ്മിഷൻ നൽകി സൗജന്യവിദ്യാഭ്യാസം നൽകേണ്ടതാണ്. കൂടാതെ വിദ്യാഭ്യാസ യോഗ്യതയുള്ള ദളിത് കത്തോലിക്കർക്ക് യോഗ്യതയുടെ അടിസ്ഥാനത്തിൽ സഭാസ്ഥാപനങ്ങളിൽ മുൻഗണന നൽകി നിശ്ചിത ശതമാനം ഉദ്യോഗനിയമനങ്ങൾ നൽകാൻ നാം താത്പര്യം കാണിക്കേണ്ടതാണ്.

ജസ്റ്റീസ് സൺഡേ ദിനത്തിൽ ഇടവകാംഗങ്ങളെല്ലാം പങ്കെടുത്തുകൊണ്ടുള്ള സെമിനാറും സമ്മേളനങ്ങളും സംഘടിപ്പിക്കാൻ വികാരിയച്ചന്റെ നേതൃത്വത്തിൽ എല്ലാവരും പരിശ്രമിക്കേണ്ടതാണ്. ഇടവക ഒരു കുടുംബമാണ്. ആ കുടുംബത്തിലെ എല്ലാ അംഗങ്ങളും സ്വയംപര്യാപ്തതയിലെത്തണം. അതിനായുള്ള കൂട്ടായ ശ്രമം നടത്തേണ്ടതാണ്. കഴിഞ്ഞ SSLC (80%), Plus Two (70%), Degree (60%) , Post Graduate (60%) എന്നീ പരീക്ഷകളിൽ പ്രശസ്തവിജയം കരസ്ഥമാക്കിയ ദലിത് കത്തോലിക്കാ കുട്ടികൾക്ക് KCBC സ്കോളർഷിപ്പ് നൽകുന്നതാണ്. അർഹരായ കുട്ടികളുടെ അപേക്ഷ 2023 സെപ്റ്റംബർ 30-നകം റവ. ഫാ. ജോസ് വടക്കേക്കുറ്റ്, സെക്രട്ടറി KCBC, SC/ST/BC കമ്മീഷൻ, ഷാലോം പാസ്റ്ററൽ സെന്റർ, പാലാ-686575 എന്ന വിലാസത്തിൽ അയച്ചുകൊടുക്കേണ്ടതാണ്.

വേദനിക്കുന്നവരുടെയും അടിച്ചമർത്തപ്പെട്ടവരുടെയും പക്ഷംചേരുന്ന യേശുവിന്റെ ദൗത്യം ദളിത് ക്രൈസ്തവരുടെ പ്രശ്നങ്ങളിൽ സഭ തീക്ഷ്ണമായി ഏറ്റെടുക്കണം. ജസ്റ്റീസ് സൺഡേ ദിനത്തിൽ വിശുദ്ധബലിമധ്യേ നടത്തുന്ന പിരിവ് വിജയിപ്പിക്കുവാൻ എല്ലാവരും ആത്മാർത്ഥമായി സഹകരിക്കണം. സ്കോളർഷിപ്പിനും മറ്റുമായി ഇപ്പോൾ ലഭിക്കുന്ന തുക അപര്യാപ്തമാണ്. ഈ തുക കഴിവതും വേഗം KCBC, SC/ST/BC കമ്മീഷന്റെ പേരിൽ അയച്ചുതരേണ്ടതാണ്. നമ്മുടെ സഭയിലെ ദളിത് ക്രൈസ്തവർ, മത്സ്യത്തൊഴിലാളികൾ, മറ്റു ദുർബ്ബലവിഭാഗങ്ങൾ, ദരിദ്രർ എന്നിവരുടെ ഉന്നമനത്തിനായി നമുക്കു പ്രയത്നിക്കാം, പ്രാർത്ഥിക്കാം. നമ്മുടെ മനോഭാവങ്ങളിൽ മാറ്റം വരുത്താം എന്നു പ്രാർത്ഥിച്ചുകൊണ്ട് നിങ്ങളേവരെയും പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ ഞാൻ ആശീർവദിക്കുന്നു.

ഈശോയിൽ സ്നേഹപൂർവ്വം,

**ബിഷപ് ഗീവർഗീസ് മാർ അപ്രേം**
(ചെയർമാൻ KCBC, SC/ST/BC കമ്മീഷൻ)
**ബിഷപ് വിൻസന്റ് സാമുവൽ**
(വൈസ് ചെയർമാൻ KCBC, SC/ST/BC കമ്മീഷൻ)
**ബിഷപ് മാർ സെബാസ്റ്റ്യൻ വാണിയപ്പുരയ്ക്കൽ**
(വൈസ് ചെയർമാൻ KCBC, SC/ST/BC കമ്മീഷൻ)

**NB:** ആഗസ്റ്റ് 13-ാം തീയതി ഞായറാഴ്ച എല്ലാ ഇടവക ദൈവാലയങ്ങളിലും സന്യാസഭവനങ്ങളിലും സ്ഥാപനങ്ങളിലും ഈ സർക്കുലർ വായിച്ച് വിശദീകരണം നൽകുകയും 20-ാം തീയതി ഞായറാഴ്ച സംഭാവന ശേഖരണം നടത്തി KCBC, SC/ST/BC കമ്മീഷന്റെ പേർക്ക് അയച്ചുതരികയും ചെയ്യേണ്ടതാണ്.




1. **Appointments & Relievements**

**Rev. Fr. Vimal Pengiparambil:** Relieved from all the offices of Eparchy of Irinjalakuda and granted study leave for two years w.e.f. 24th July 2023

**Rev. Fr. Femin Chittilappilly:** Appointed acting vicar, Our Lady of Dolours Church Kalvarikunnu and Chaplain, Franciscan Brothers Ashramam Kalvarikunnu w.e.f 24th July 2023

**Rev. Fr. Antony Kodankandath MP:** Appointed Resident Priest at Our Lady of Dolours Church, Kalvarikunnu w.e.f. 24th July 2023

2. **വൈദികരുടെ ജൂബിലിയാഘോഷം - ആഗസ്റ്റ് 03, വ്യാഴം:** വൈദികരുടെ മദ്ധ്യസ്ഥനായ വി. ജോൺ മരിയ വിയാനിയുടെ തിരുനാളിനോടനുബന്ധിച്ച് നമ്മുടെ രൂപതയിലെ വൈദികകൂട്ടായ്മയിൽനിന്നും പൗരോഹിത്യത്തിന്റെ 50ഉം 25ഉം വർഷങ്ങൾ പിന്നിടുന്ന ബഹുമാനപ്പെട്ട അച്ചന്മാരുടെ ജൂബിലി ആഗസ്റ്റ് 03 വ്യാഴാഴ്ച കല്ലേറ്റുംകര പാക്സിൽവച്ച് ആഘോഷിക്കുന്നു. അന്നേദിവസം നടത്തപ്പെടുന്ന ആഘോഷമായ ജൂബിലി കുർബാനയിൽ അഭിവന്ദ്യ മാർ പോളി കണ്ണൂക്കാടൻ പിതാവിനോടൊപ്പം കഴിഞ്ഞ വർഷം ഗോൾഡൻ ജൂബിലി ആഘോഷിച്ച റവ. ഫാ. പോൾ ഇളംകുന്നപുഴ, റവ. ഫാ. സെബാസ്റ്റ്യൻ ഈഴേക്കാടൻ, റവ. ഫാ. വർഗ്ഗീസ് ഒ. വാഴപ്പിള്ളി, സിൽവർ ജൂബിലി ആഘോഷിച്ച റവ. ഫാ. ഷാജു കാച്ചപ്പിള്ളി, റവ. ഫാ. ലിജു പോൾ പറമ്പത്ത്, റവ. ഡോ. ആന്റോ കരിപ്പായി, റവ. ഫാ. വർഗ്ഗീസ് അരിക്കാട്ട് (Jr.), റവ. ഫാ. ജോഷി പാല്യേക്കര എന്നിവരും, ഈ വർഷം സിൽവർ ജൂബിലി ആഘോഷിക്കുന്ന റവ. ഫാ. ആൻഡ്രൂസ് ചെതലൻ, റവ. ഫാ. ഡേവിസ് കൂട്ടാല, റവ. ഫാ. ജെയ്സൻ കുടിയിരിക്കൽ, റവ. ഡോ. ബെഞ്ചമിൻ ചിറയത്ത്, റവ. ഡോ. ക്ലമന്റ് ചിറയത്ത്, റവ. ഫാ. സെബാസ്റ്റ്യൻ നടവരമ്പൻ, റവ. ഫാ. സജി പൊൻമിണിശ്ശേരി, റവ. ഫാ. ടൈറ്റസ് കാട്ടുപറമ്പിൽ എന്നിവരും വൈദിക സമൂഹവും സഹകാർമ്മി

കരാകും. തുടർന്ന് ജൂബിലിയേറിയൻസിന് ആശംസകൾ അർപ്പിക്കുന്നു. രാവിലെ 10.30 മുതൽ ഉച്ചകഴിഞ്ഞ് 03.30 വരെയുള്ള ആഘോഷപരിപാടികളിലേക്ക് എല്ലാ വൈദികരെയും ഹൃദയപൂർവ്വം ക്ഷണിക്കുന്നു.

3. **വൈദിക ക്ഷേമനിധി സമിതിയുടെ ജനറൽബോഡി – ആഗസ്റ്റ് 03, വ്യാഴം:** വൈദികരുടെ ജൂബിലിയാഘോഷത്തെ തുടർന്ന് ആഗസ്റ്റ് 03, വ്യാഴാഴ്ച ഉച്ചകഴിഞ്ഞ് 03.00ന് കല്ലേറ്റുംകര, പാക്സിൽവച്ച് വൈദിക ക്ഷേമസമിതിയുടെ ജനറൽ ബോഡി മീറ്റിങ്ങ് ഉണ്ടായിരിക്കുന്നതാണ്. നമ്മുടെ രൂപതയിലെ എല്ലാ വൈദികരും ഈ മീറ്റിങ്ങിൽ സംബന്ധിക്കേണ്ടതാണ്.
4. **വൈദികരുടെ സ്ഥലംമാറ്റം:** നമ്മുടെ രൂപതയിലെ വൈദികരുടെ സ്ഥലംമാറ്റം ആഗസ്റ്റ് 11–ാം തിയ്യതി വെള്ളിയാഴ്ച വൈദികരുടെ രണ്ടാമത്തെ ബാച്ചിന്റെ വാർഷികധ്യാനത്തിന്റെ സമാപനാനന്തരം നടത്തപ്പെടുന്ന പ്രസ്ബിത്തേരിയത്തിൽ പരസ്യപ്പെടുത്തുന്നതും പത്തേന്തി നൽകുന്നതുമാണ്. അന്നേദിവസം **നമ്മുടെ രൂപതയിലെ എല്ലാ വൈദികരും കൃത്യം 12.30ന് കല്ലേറ്റുംകര പാക്സിൽ എത്തിച്ചേരേണ്ടതാണ്.** നിയമനങ്ങൾ ലഭിക്കുന്നവർ 2023 ആഗസ്റ്റ് 24 വ്യാഴാഴ്ച ചാർജ്ജ് എടുക്കേണ്ടതാണ്.
5. **സ്വർഗ്ഗാരോപണ തിരുനാളും, സ്വാതന്ത്ര്യദിനവും – ആഗസ്റ്റ് 15, ചൊവ്വ:** ആഗസ്റ്റ് 15–ാം തിയ്യതി ചൊവ്വാഴ്ച മാതാവിന്റെ സ്വർഗ്ഗാരോപണ തിരുനാളും ഭാരതസ്വാതന്ത്ര്യലബ്ധിയുടെ 76–ാം വാർഷികവും ആഘോഷിക്കുന്നു. സഭയിലെ പ്രധാനപ്പെട്ട തിരുനാൾദിനമായ അന്ന് കടമുള്ള ദിവസമാണ്. വി. കുർബാനയിലും മറ്റ് തിരുകർമ്മങ്ങളിലും സംബന്ധിക്കുവാൻ എല്ലാ കത്തോലിക്ക വിശ്വാസികൾക്കും കടമയുണ്ട്. കടമുള്ള ദിവസമായതുകൊണ്ട് അന്നേദിവസം വിവാഹവാഗ്ദാനകർമ്മം അനുവദനീയമല്ല.
6. **കൈക്കാരന്മാരുടെ സമ്മേളനം – ആഗസ്റ്റ് 19, ശനി:** നമ്മുടെ രൂപതയിലെ ഇടവകകളിൽ 2023–2024 വർഷത്തെ കൈക്കാരന്മാരായി സേവനം അനുഷ്ഠിക്കുന്നവരുടെ ഒരു യോഗം ആഗസ്റ്റ് 19 ശനിയാഴ്ച രാവിലെ 10.00 മുതൽ ഉച്ചകഴിഞ്ഞ് 3.00 വരെ രൂപതാഭവനത്തിൽവച്ച് നടത്തപ്പെടുന്നു. എല്ലാ കൈക്കാരന്മാരും ഈ യോഗത്തിൽ പങ്കെടുക്കണമെന്ന് സ്നേഹപൂർവ്വം അഭ്യർത്ഥിക്കുന്നു.
7. **പഞ്ചദിനക്യാമ്പ്:** വൈദികരുടെ പഞ്ചദിനക്യാമ്പ് ഒന്നാം ബാച്ച് 2023 സെപ്തംബർ 11 തിങ്കൾ മുതൽ 15 വെള്ളി വരെയും രണ്ടാം ബാച്ച് 2023 സെപ്തംബർ 18 തിങ്കൾ മുതൽ 22 വെള്ളി വരെയും

നടത്തപ്പെടുന്നു. പങ്കെടുക്കേണ്ട വൈദികരുടെ ബാച്ച് ഏതാണെന്ന് 2023 സെപ്തംബർ മാസത്തിലെ ബുള്ളറ്റിനിൽ കൊടുക്കുന്നതാണ്. ക്യാമ്പിൽ ചർച്ച ചെയ്യാൻ ആഗ്രഹിക്കുന്ന ചോദ്യങ്ങൾ ഉണ്ടെങ്കിൽ ആഗസ്റ്റ് മാസത്തിൽന്നെ പ്രസ്ബിറ്ററൽ കൗൺസിൽ സെക്രട്ടറിയെ ഏൽപ്പിക്കുമല്ലോ.

8. **തടവറ പ്രേഷിതദിനം – ആഗസ്റ്റ് 13, ഞായർ:** തടവറ പ്രേഷിതരുടെ മദ്ധ്യസ്ഥനായ വി. മാക്സ്മില്യൻ കോൾബെയുടെ തിരുനാളിനോടനുബന്ധിച്ചാണ് ഭാരതകത്തോലിക്കാസഭ തടവറ പ്രേഷിതദിനം ആചരിക്കുന്നത്. തടവറയിൽ ആയിരിക്കുന്നവരെയും അവരുടെ കുടുംബങ്ങളെയും കുറ്റകൃത്യങ്ങൾക്ക് ഇരയായി മാറിയവരെയും നാമിന്ന് അനുസ്മരിക്കുന്നു. തടവറ മക്കളുടെ മാനസാന്തരത്തിനും ജീവിത നവീകരണത്തിനും വേണ്ടി നമുക്ക് പ്രാർത്ഥിക്കാം. ജയിൽ മോചിതരായവരെയും അവരുടെ കുടുംബങ്ങളെയും പുനരധിവസിപ്പിക്കുന്നതിനുള്ള പരിശ്രമങ്ങൾക്ക് എല്ലാവരുടെയും സഹായസഹകരണങ്ങൾ ഉണ്ടാകണമെന്ന് ഓർമ്മപ്പെടുത്തുന്നു.


9. **ജസ്റ്റിസ് സൺഡേ (നീതി ഞായർ) – ആഗസ്റ്റ് 20, ഞായർ:** ദളിത് ക്രൈസ്തവ സമൂഹത്തോട് ഐക്യദാർഢ്യം പുലർത്തി അവർക്ക് അർഹമായ നീതി ലഭിക്കുന്നതിനുവേണ്ടി പ്രാർത്ഥിക്കുകയും ഒപ്പം ദളിത് ക്രൈസ്തവർ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ മനസ്സിലാക്കി അവ പരിഹരിക്കുന്നതിനുമുള്ള പരിശ്രമങ്ങളിൽ (ദളിത് വിദ്യാർത്ഥികൾക്കുള്ള സാമ്പത്തിക സഹായം) പങ്കുചേരുകയും ചെയ്യാം.

രൂപതാ കാര്യാലയം
20.07.2023

**മോൺ. ജോസ് മഞ്ഞളി**
വികാരി ജനറാൾ

# മണിപ്പൂരിനായ് തുടർന്നും നമുക്ക് പ്രാർത്ഥിക്കാം

മണിപ്പൂരിലെ കലാപം തുടരുകയും, മനുഷ്യവകാശ ധ്വംസനങ്ങളുടെ വീഡിയോ ചിത്രങ്ങൾ പുറത്തുവരികയും ചെയ്യുന്ന ഈ സാഹചര്യത്തിൽ മണിപ്പൂരിലെ ജനതയ്ക്കായ് നമുക്ക് തുടർന്നു പ്രാർത്ഥിക്കാം, ഭരണസിരാകേന്ദ്രങ്ങളിലുള്ളവരുടെ നിശബ്ദതയ്ക്കെതിരെ ശബ്ദമുയർത്താം. 2023 ജൂലൈ മാസം 1-ാം തിയ്യതി ദേശീയ പാതയോരത്ത് നാം തീർത്ത സ്നേഹചങ്ങലയിൽ പതിനായിരകണക്കിന് വിശ്വാസികളാണ് അണിനിരന്നത്. ഇടവകകൾതോറും നൂറുകണക്കിന് ഇടവകജനങ്ങൾ പങ്കെടുത്ത പ്രതിഷേധറാലിയും, സമ്മേളനങ്ങളും നടന്നു. അതുപോലെ ജൂലൈ 20-ാം തിയ്യതി ഇരിങ്ങാലക്കുടയിൽ 'കോൺഫറൻസ് ഓഫ് റിലീജിയസ് ഇന്ത്യ'യുടെയും (CRI) രൂപത മാതൃസംഘത്തിന്റെയും വനിതാകമ്മീഷന്റെയും നേതൃത്വത്തിൽ നടന്ന പ്രതിഷേധറാലിയിലും സമ്മേളനത്തിലും നൂറുകണക്കിന് സന്യാസിനി - സന്യാസികളും അമ്മമാരും പങ്കെടുത്തു. ഈ രണ്ട് തിയ്യതികളിലെയും രൂപതാതലത്തിലുള്ള പ്രതിഷേധങ്ങൾക്കും ഇടവകതലത്തിൽ മറ്റ് ദിവസങ്ങളിൽ സംഘടിപ്പിച്ച പ്രതിഷേധ പ്രകടനങ്ങൾക്കും റാലികൾക്കും പ്രാർത്ഥനാശുശ്രൂഷകൾക്കും സംഘടനാതലത്തിൽ നടത്തിയ പരിപാടികൾക്കും നേതൃത്വം നൽകിയ ബഹു. വികാരിയച്ചന്മാർ, കൈക്കാരന്മാർ, പ്രൊവിൻഷ്യൽ സുപ്പീരിയേഴ്സ്, പാസ്റ്ററൽ കൗൺസിൽ ഭാരവാഹികൾ, കുടുംബസമ്മേളന കേന്ദ്രസമിതി ഭാരവാഹികൾ, സംഘടനകളുടെ ഭാരവാഹികൾ, സന്യാസിനി - സന്യാസികൾ, രൂപതയിലെ വൈദികർ, വിശ്വാസികൾ എന്നിവർക്ക് ആത്മാർത്ഥമായ നന്ദി അറിയിക്കുന്നു. തുടർന്നും മണിപ്പൂരിനായ് നമുക്ക് പ്രാർത്ഥിക്കാം. എത്രയും വേഗം മണിപ്പൂരിൽ ശാശ്വതമായ സമാധാനം പുലരട്ടെ.



ഇരിങ്ങാലക്കുട
25.07.2023

**മാർ പോളി കണ്ണൂക്കാടൻ**
ഇരിങ്ങാലക്കുട രൂപത മെത്രാൻ

# ആദരാഞ്ജലികൾ...



## റവ. സി. ഗോഡ്ഫ്രി സി.എം.സി.

**മരണം: 05.07.2023**

ഇരിങ്ങാലക്കുട രൂപത, വാടച്ചിറ ഇടവക, ആലപ്പാട്ട് പൗലോസ് - റോസ എന്നീ മാതാപിതാക്കളുടെ 8 മക്കളിൽ 3-ാമത്തെ സന്താനമായി കുഞ്ഞില (സി. ഗോഡ്ഫ്രി സി.എം.സി.) 06.01.1934ൽ ജനിച്ചു. 1957 കർമ്മലയിലേക്കുള്ള വിളി തിരിച്ചറിഞ്ഞ് 1960ൽ ആദ്യവ്രതാർപ്പണവും 1964ൽ നിത്യവ്രതവാഗ്ദാനവും നടത്തി. 2010ൽ വ്രതബദ്ധ ജീവിതത്തിന്റെ സുവർണ്ണ ജൂബിലിയും ആഘോഷിച്ചു. എൽ. എഫ്. ഇരിങ്ങാലക്കുട, എസ്.എച്ച്. തൃശൂർ, കണ്ടംശാംകടവ്, എടത്തിരുത്തി, ബി.എൽ.എം. ആളൂർ, മൗണ്ട് കാർമ്മൽ ജനറേലേറ്റ് ആലുവ, വൈന്തല, മിത്രാലയം സ്നേഹഗിരി, ചേലൂർ, സൊക്കോർസൊ മാള, പരിയാരം എന്നിവിടങ്ങളിൽ നിസ്തുലമായ സേവനം കാഴ്ചവെച്ചു. പുളിയിലകുന്ന് ചാവറ നികേതൻ മഠത്തിൽ വിശ്രമജീവിതം നയിക്കുമ്പോഴാണ് 89-ാമത്തെ വയസ്സിൽ 2023 ജൂലായ് 05-ാം തിയതി ഗോഡ്ഫ്രിയമ്മ നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ടത്.

---

# പാക്സ്

| | | | |
|---|---|---|---|
| July | 31, Aug 1, 2 | - | Pre Cana |
| August | 3 Thursday | - | Vianney Day Celebrations |
| August | 7 to 11 | - | Priests' Retreat |
| August | 21, 22, 23 | - | Pre Cana |
| September | 4, 5, 6 | - | Pre Cana |
| September | 25, 26, 27 | - | Pre Cana |

Contact Number 0480 – 2880878, 8281298782

**ഫാ. ഫെമിൻ ചിറ്റിലപ്പിള്ളി**
അസി. ഡയറക്ടർ

**ഫാ. ജോജി പാലമറ്റത്ത്**
ഡയറക്ടർ

# അനുസ്മരണദിനങ്ങൾ
## 2023 ആഗസ്റ്റ്

01 ചൊവ്വ : പതിനഞ്ചുനോമ്പാരംഭം
വി. അൽഫോൻസ് ലിഗോരി

04 വെള്ളി : **വി. ജോൺ മരിയ വിയാനി**
മാസാദ്യവെള്ളി

06 ഞായർ : **കർത്താവിന്റെ രൂപാന്തരീകരണതിരുനാൾ**
കൈത്താക്കാലം നാലാം ഞായർ

08 ചൊവ്വ : വി. ഡൊമിനിക്

11 വെള്ളി : **വി. ക്ലാര**

13 ഞായർ : കൈത്താക്കാലം അഞ്ചാം ഞായർ

15 ചൊവ്വ : **പരി. കന്യകാമറിയത്തിന്റെ സ്വർഗ്ഗാരോപണതിരുനാൾ**
**ഇന്ത്യൻ സ്വാതന്ത്ര്യദിനം**

18 വെള്ളി : വി. ശ്മോനിയും ഏഴുമക്കളും

20 ഞായർ : കൈത്താക്കാലം ആറാം ഞായർ

21 തിങ്കൾ : വി. പത്താം പിയൂസ് പാപ്പ


24 വ്യാഴം : **വി. ബർത്തലോമിയോ (ശ്ലീഹ)**

25 വെള്ളി : വി. ശിമയോൻ ബർസാബയും സഹരക്തസാക്ഷികളും

27 ഞായർ : കൈത്താക്കാലം ഏഴാം ഞായർ

28 തിങ്കൾ : **വി. അഗസ്റ്റിൻ**

29 ചൊവ്വ : **വി. ഏവുപ്രാസ്യ**



# മതബോധനം

1. **രക്ഷാകർത്തൃ സമ്മേളനം (പി. ടി. എ.)**
   ആഗസ്റ്റ് 5-ാം തിയ്യതി ശനിയാഴ്ച രാവിലെ 9.30 മുതൽ 2 മണി വരെ വിദ്യാജ്യോതി മതബോധന കേന്ദ്രത്തിൽ വച്ച് പി. ടി. എ. പ്രസിഡന്റുമാരുടെ സമ്മേളനം നടത്തുന്നതാണ്. എല്ലാ മതബോധന യൂണിറ്റുകളിലെയും പി. ടി. എ. പ്രസിഡന്റുമാർ ഈ മീറ്റിംഗിൽ സംബന്ധിക്കേണ്ടതാണ്.
2. **വിശ്വാസ പരിശീലന യൂണിറ്റ് സന്ദർശനം**
   രൂപതാ മതബോധന ആനിമേറ്റേഴ്സ് ടീം അംഗങ്ങൾ ആഗസ്റ്റ് 6-ാം തിയ്യതി ഞായറാഴ്ച മുതൽ മതബോധന യൂണിറ്റുകൾ സന്ദർശിക്കുന്നതാണ്. സന്ദർശനം നടത്തുവാൻ ഉദ്ദേശിക്കുന്ന തിയ്യതി മുൻകൂട്ടി വികാരിയച്ചനെയും ഹെഡ്മാസ്റ്ററേയും അറിയിക്കുന്നതാണ്.
3. **ക്രാഷ് കോഴ്സ്**
   വിദ്യാജ്യോതി മതബോധന കേന്ദ്രത്തിൽ പേരുകൾ രജിസ്റ്റർ ചെയ്തിട്ടുള്ള വിദ്യാർത്ഥികൾക്ക് ആഗസ്റ്റ് 31 വ്യാഴാഴ്ച ക്രാഷ് കോഴ്സിന്റെ ആദ്യത്തെ contact class ഉണ്ടായിരിക്കുന്നതാണ്. സമയം രാവിലെ 9.30 മുതൽ 1.00 മണി വരെ.
4. **അദ്ധ്യാപകർക്കുള്ള എൻലൈറ്റ് 2023 നടക്കുന്ന ദിവസങ്ങൾ**
   Std : V - ആഗസ്റ്റ് 13 ഞായർ
   Std : VI - ആഗസ്റ്റ് 20 ഞായർ
   Std : VII - ആഗസ്റ്റ് 27 ഞായർ
5. **സോഫിയ ക്വിസ് - 2023**
   2023 ആഗസ്റ്റ് 15-ാം തിയ്യതി വിദ്യാജ്യോതിയിൽ വച്ച് സോഫിയ ക്വിസ് രൂപതാതല മത്സരം നടത്തുന്നതായിരിക്കും. ഫൊറോന തലത്തിൽ വിജയികളായ വിദ്യാർത്ഥികൾ മത്സരത്തിൽ പങ്കെടുക്കുവാൻ ഉച്ചയ്ക്ക് 1.30ന് എത്തിച്ചേരേണ്ടതാണ്. മത്സരത്തിൽ പങ്കെടുക്കുന്നവരുടെ പേരുകൾ ആഗസ്റ്റ് 8ന് മുമ്പായി വിദ്യാജ്യോതി മതബോധന കേന്ദ്രത്തിൽ ഏൽപ്പിക്കേണ്ടതാണ്.
6. രൂപത മതബോധന കൗൺസിൽ രൂപീകരിക്കുന്നതിനുള്ള ഫൊറോന കൗൺസിൽ എക്സിക്യൂട്ടീവ് കമ്മറ്റി അംഗങ്ങളുടെ പേരു വിവരം ആഗസ്റ്റ് 15-ാം തിയ്യതിക്കു മുമ്പായി വിദ്യാജ്യോതി വിശ്വാസ പരിശീലന കേന്ദ്രത്തിൽ നൽകേണ്ടതാണ്.

7. കാക്കനാട് മൗണ്ട് സെന്റ് തോമസ് വിശ്വാസപരിശീലന കേന്ദ്ര ത്തിന്റെ നേതൃത്വത്തിൽ തൃശ്ശൂർ DBCLC-ൽ വച്ച് 2023 ജൂലൈ 7-ാം തിയ്യതി വൈകുന്നേരം മുതൽ 9-ാം തിയ്യതി ഉച്ചവരെ നടന്ന മതാ ദ്ധ്യാപക പരിശീലന പരിപാടിയിൽ നമ്മുടെ രൂപതയിൽ നിന്നും 3 അദ്ധ്യാപകർ പങ്കെടുത്തു.

1. Anlin Francis - St. Mary's Church, Muthrathikkara
2. Aswathy Joy - St. Antony's Church, Perambra
3. Alex Antony - St. Mary's Church, Velayanad

ഇവരെ പങ്കെടുപ്പിച്ച വികാരിയച്ചന്മാർക്ക് പ്രത്യേകം നന്ദി.

8. **നന്ദിയുടെ ഒരു വാക്ക്**

ജൂലൈ 1, 3 തിയ്യതികളിൽ നടത്തിയ അവാർഡ്ദാന സമ്മേളന ത്തിൽ പങ്കെടുത്ത എല്ലാ വികാരിയച്ചന്മാർക്കും, അദ്ധ്യാപകർക്കും, വിദ്യാർത്ഥികൾക്കും, മാതാപിതാക്കൾക്കും, അവാർഡ് ദാനത്തിന്റെ വിജയത്തിനായി സഹായിച്ച എല്ലാ ആനിമേറ്റേഴ്സിനും, സഹക രിച്ച എല്ലാവർക്കും പ്രത്യേക നന്ദി. സമ്മാനത്തിനർഹരായ വിദ്യാർ ത്ഥികൾക്കും, അദ്ധ്യാപകർക്കും, ട്രോഫി കരസ്ഥമാക്കിയ യൂണി റ്റുകൾക്കും പ്രത്യേകം അഭിനന്ദനങ്ങൾ!

**LEAGO - BCT course - 2023**

അധ്യാപക പരിശീലന പരിപാടിയിൽ പങ്കെടുത്ത എല്ലാ അദ്ധ്യാ പകർക്കും, അവരെ പങ്കെടുപ്പിച്ച വികാരിയച്ചന്മാർക്കും, പ്രധാനദ്ധ്യാ പകർക്കും, കോഴ്സിന്റെ വിജയത്തിനായി സഹായിച്ച എല്ലാ ആനി മേറ്റേഴ്സിനും, സഹകരിച്ച എല്ലാവർക്കും പ്രത്യേകം നന്ദി.

9. **സ്കൂൾ മത - സന്മാർഗ്ഗബോധനം**

സ്കൂൾ മത - സന്മാർഗ്ഗബോധനം സംബന്ധമായിട്ടുള്ള വിവര ശേഖരണ ഫോറം (Excel sheet) വിദ്യാജ്യോതിയിൽ ഏൽപ്പിക്കാ ത്തവർ എത്രയും വേഗത്തിൽ നിങ്ങൾക്ക് നേരത്തെ അയച്ചു തന്നി രിക്കുന്ന എക്സൽ ഷീറ്റ് പൂരിപ്പിച്ച് വിദ്യാജ്യോതിയിലേയ്ക്ക് ഇ-മെയിൽ ചെയ്യേണ്ടതാണ്. Email ID- vidyajyothiijk@gmail.com

2022-23 അദ്ധ്യയന വർഷത്തിൽ സ്കൂൾ മതബോധന സ്കോളർഷിപ്പ് പരീക്ഷയിൽ റാങ്ക് നേടിയ വിദ്യാർത്ഥികൾക്കും, ട്രോഫി കരസ്ഥമാക്കിയ വിദ്യാലയങ്ങൾക്കും പ്രത്യേകം അഭിനന്ദ നങ്ങൾ!

ജൂലൈ 1-ാം തിയ്യതി ശനിയാഴ്ച നടത്തിയ അവാർഡ് ദാനചട ങ്ങിൽ സഹായിച്ച എല്ലാവർക്കും പ്രത്യേകം നന്ദി.

**ഫാ. റിജോയ് പഴയാറ്റിൽ**
ഡയറക്ടർ

## സെന്റ് പോൾസ് മൈനർ സെമിനാരി

1. **സെന്റ് പോൾസ് ഡേ**

ജൂൺ 29-ാം തിയ്യതി മൈനർ സെമിനാരിയിൽ സെന്റ് പോൾസ് ഡേ ആഘോഷിച്ചു. വൈകീട്ട് 6ന് തന്റെ സ്വർഗ്ഗീയ മദ്ധ്യസ്ഥന്റെ തിരുനാൾ ആഘോഷിക്കുന്ന അഭിവന്ദ്യ മാർ പോളി കണ്ണൂക്കാടൻ പിതാവ് മൈനർ സെമിനാരിയിൽ വി. ബലിയർപ്പിച്ചു. തുടർന്ന് മൈനർ സെമിനാരിയിലെയും തിരുഹൃദയഭവനിലെയും ജോൺപോൾ ഭവനിലെയും റീജൻസിയിലെയും വൈദിക വിദ്യാർത്ഥികളും അവരുടെ പരിശീലകരും ഒരുമിച്ചുകൂടി. ഈ സ്നേഹകൂട്ടായ്മയിൽവച്ച് അഭിവന്ദ്യ പിതാവിന് നാമഹേതുക തിരുനാൾ ആശംസിച്ചു. കൂട്ടായ്മയുടെ ഭാഗമായി സ്നേഹവിരുന്നും ഉണ്ടായിരുന്നു.

2. **ദുക്റാന തിരുനാൾ**

ജൂലൈ 03ന് മാർതോമാശ്ലീഹായുടെ രക്തസാക്ഷിത്വ ദിനത്തിൽ ദുക്റാന തിരുനാൾ ആഘോഷിച്ചു. അന്നേദിനം രാവിലെ ആഘോഷമായ വി. കുർബാനയ്ക്ക് ഫാ. ജിൽസൺ പയ്യപ്പിള്ളി കാർമ്മികത്വം വഹിച്ചു.

3. **മലയാളം സാഹിത്യ അക്കാദമി – 'നിറം'**

ഈ അദ്ധ്യയനവർഷത്തിലെ മലയാളം സാഹിത്യഅക്കാദമിയുടെ ഉദ്ഘാടനം ജൂലൈ 03ന് പ്രശസ്ത മിമിക്രി കലാകാരനും സിനിമാ അഭിനേതാവുമായ ശ്രീ. കലാഭവൻ ജോഷി നിർവ്വഹിച്ചു. രാവിലെ 10.30ന് കർദ്ദിനാൾ ലൂർദ്ദ് സ്വാമി ഹാളിൽ നടന്ന മീറ്റിങ്ങിൽവച്ച് അദ്ദേഹം സെമിനാരി വിദ്യാർത്ഥികളോട് സംസാരിക്കുകയും 'നിറം' എന്ന പേര് നിർദ്ദേശിച്ചവർക്ക് സമ്മാനങ്ങൾ നൽകുകയും ചെയ്തു. രണ്ടു വൈദികവിദ്യാർത്ഥികൾ പ്രസംഗിച്ചു.

4. **മാർ ജെയിംസ് പഴയാറ്റിൽ ഓർമ്മദിനം**

ഇരിങ്ങാലക്കുട രൂപതയുടെ പ്രഥമ മെത്രാൻ മാർ ജെയിംസ് പഴയാറ്റിൽ പിതാവിന്റെ ചരമവാർഷികദിനമായ ജൂലൈ 10ന് അഭിവന്ദ്യ മാർ പോളി കണ്ണൂക്കാടൻ പിതാവ് മൈനർ സെമിനാരിയിൽ രാവിലെ 06.45ന് വി. ബലിയർപ്പിച്ചു. തുടർന്ന് മാർ ജെയിംസ് പഴയാറ്റിൽ പിതാവ് തന്റെ അവസാന ദിനങ്ങൾ ചെലഴിച്ച മുറിയിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. മൈനർ സെമിനാരി വിദ്യാർത്ഥികൾ അന്നേ ദിവസം വൈകീട്ട് കത്തീഡ്രൽ പള്ളിയിലെത്തി പിതാവിന്റെ കബ

റിടത്തിൽ പൂക്കൾ സമർപ്പിച്ച് പ്രാർത്ഥിക്കുകയും ചെയ്തു.

5. **മാസധ്യാനം**

ജൂലൈ മാസത്തിലെ മൈനർ സെമിനാരിയിലെ മാസധ്യാനം ജൂലൈ 13-ാം തിയ്യതി ജോൺപോൾ ഭവൻ സെമിനാരി റെക്ടർ ബഹു. സെബി കാഞ്ഞിലശ്ശേരിയച്ചൻ നയിച്ചു. റീജൻസി ബ്രദേഴ്സും മാസധ്യാനത്തിൽ പങ്കെടുത്തു.

6. **തീർത്ഥാടനം**

ഇരിങ്ങാലക്കുട രൂപതയിലെ പ്രഥമ വിശുദ്ധയായ കുഴിക്കാട്ടുശ്ശേരിയിലെ വി. മറിയം ത്രേസ്യായുടെയും ധന്യൻ ജോസഫ് വിതയത്തിലച്ചന്റെയും കബറിടത്തിലേക്ക് മൈനർ സെമിനാരി വിദ്യാർത്ഥികൾ ജൂലൈ 23-ാം തിയ്യതി തീർത്ഥാടനം നടത്തി. അന്ന് വൈകീട്ട് 5.30ന് നടന്ന ധന്യൻ ജോസഫ് വിതയത്തിലച്ചന്റെ അനുസ്മരണ ബലിയിലും പങ്കെടുത്തു.

7. **സാമ്പത്തികസഹായം നൽകിയവർ**

| | |
|---|---|
| 1. സോണി സുനിൽ നെടുമ്പാക്കാരൻ, താഴൂർ | 25,000 |
| 2. റോസിലി റപ്പായി ചേനിയാറ, കൊടുങ്ങ | 30,000 |

**ഫാ. ഡേവിസ് കിഴക്കുംതല**
റെക്ടർ



# ബ്ലസ് എ ഹോം

1. ഇരിങ്ങാലക്കുട രൂപത ബ്ലസ്സ് എ ഹോം പദ്ധതിയിൽ നിന്ന് 2443 കുടുംബങ്ങൾക്ക് വ്യക്തിഗത എക്കൗണ്ടിലേക്ക് ഇപ്പോൾ പത്ത് കോടി മുപ്പത്തിരണ്ട് ലക്ഷത്തി അമ്പത്തയ്യായിരത്തി നാനൂറ്റി എട്ട് (10,32,55,408/-) രൂപ നൽകി.

2. **'ബ്ലസ്സ് എ ഹോമി'ലേയ്ക്ക് സംഭാവന നൽകിയവർ**

| | |
|---|---|
| 01. ജോയ് ആലൂക്കാസ് ഫൗണ്ടേഷൻ, തൃശ്ശൂർ | 20,000.00 |
| 02. ജോൺ ഫ്രാൻസ്സീസ്, കണ്ടംകുളത്തി, ഇരിങ്ങാലക്കുട | 10,000.00 |
| 03. കണ്ണൂക്കാടൻ ഫാമിലി ട്രസ്റ്റ് | 10,000.00 |
| 05. സെന്റ് ജോസഫ്സ് കോൺവെന്റ്, ഇരിങ്ങാലക്കുട | 5,000.00 |
| 04. പീറ്റർ ആന്റണി കോമ്പാറക്കാരൻ, കാട്ടൂർ | 20,000.00 |
| 05. സി.എം.സി ഉദയ പ്രൊവിൻസ്, ഇരിങ്ങാലക്കുട | 20,000.00 |
| 06. മറിയം ത്രേസ്യ പിൽഗ്രിം സെന്റർ, കുഴിക്കാട്ടുശ്ശേരി | 10.000.00 |
| 07. എഫ്.സി.സി, അൽവേർണിയ പ്രൊവിൻഷ്യൽ ഹൗസ്, ചാലക്കുടി | 12,000.00 |
| 08. ജോൺസൺ മാണിപറമ്പിൽ, മുത്രത്തിക്കര | 5,000.00 |
| 07. വികാരി & പാരീഷ്നേഴ്സ്, സെന്റ് തോമസ് ഫൊറോന ചർച്ച്, അമ്പഴക്കാട് | 15,000.00 |
| 06. മറിയം ത്രേസ്യ ഹോസ്പിറ്റൽ, കുഴിക്കാട്ടുശ്ശേരി | 10,000.00 |
| 07. ബി.എൽ.എം. റിട്രീറ്റ് സെന്റർ, കല്ലേറ്റുംകര | 15,000.00 |
| 08. ഡൊമിനിക്കൻ സിസ്റ്റേഴ്സ്, വെള്ളാനി | 5,000.00 |
| 09. സി.എസ്.സി, ഡി പോൾ പ്രൊവിൻഷ്യൽ ഹൗസ്, പോട്ട | 5,000.00 |
| 10. സി.എസ്.എം. ഗുഡ് ഷെപ്പേർഡ് പ്രൊവിൻഷ്യൽ ഹൗസ്, ഇരിങ്ങാലക്കുട | 5,000.00 |
| 11. റവ. മദർ ജനറൽ, ഹോളി ഫാമിലി ജനറലേറ്റ്, മണ്ണുത്തി | 10,000.00 |
| 12. സെന്റ് ജോസഫ്സ് ഇ.എം.എച്ച്.എസ്.എസ്., ആളൂർ | 10,000.00 |
| 13. ജിമ്മി മാവേലി, ഇരിഞ്ഞാലക്കുട | 30,000.00 |
| **ആകെ** | **2,17.000.00** |

**ഫാ. മെഫിൻ തെക്കേക്കര**
ഡയറക്ടർ

**1. 2023 ആഗസ്റ്റ് മാസത്തെ പരിപാടികൾ**

| | | |
|---|---|---|
| 01 | : | ഫോളോ അപ്പ് മീറ്റിങ്ങ് |
| 05 | : | എ. എ. ഗ്രൂപ്പ് മീറ്റിങ്ങ് |
| 06 | : | ആദ്യഞായർ കൂട്ടായ്മ |
| 07 | : | പ്രാർത്ഥനാദിനം |
| 08 | : | സ്റ്റാഫ് മീറ്റിങ്ങ് |
| 12 – 19 | : | ലഹരിമോചന പരിശീലന ക്യാമ്പ് |
| 15 | : | അവധി |
| 20 | : | എ. എ. ഗ്രൂപ്പ് മീറ്റിങ്ങ് |
| 22 – 25 | : | ഭവന സന്ദർശനം |
| 26 – 27 | : | എ. എ. ഗ്രൂപ്പ് മീറ്റിങ്ങ് |
| 28 – 29 | : | അവധി |
| 30– 31 | : | ഭവന സന്ദർശനം |

**2. ഇന്നലെകൾ:** ജൂലൈ മാസത്തെ ഫോളോ അപ്പ് മീറ്റിങ്ങിൽ 43 പേരും ആദ്യഞായർ കൂട്ടായ്മയിൽ 54 പേരും പങ്കെടുത്തു. ഈ രണ്ടു ദിനത്തിലും ഡയറക്ടർ ജോൺ പോളച്ചൻ ദിവ്യബലിയും, വചനസന്ദേശവും നടത്തി. ഫോളോ അപ്പ് പരിപാടിയിൽ ശ്രീ. സേവ്യർ പള്ളിപ്പാട്ട് ക്ലാസ്സ് നയിച്ചു. ജോൺപോളച്ചന്റെയും കോ-ഓർഡിനേറ്റർ ശ്രീ. വിൻസെന്റിന്റെയും സാന്നിധ്യത്തിൽ ക്യാമ്പംഗങ്ങൾ തങ്ങളുടെ ജീവിതാനുഭവങ്ങൾ പങ്കുവച്ചു. 4 കുടുംബങ്ങൾക്ക് കൗൺസിലിങ്ങ് നൽകി അവരെ പ്രതീക്ഷയുള്ള ജീവിതം നയിക്കുവാൻ പ്രോത്സാഹിപ്പിച്ചു. 370-ാമത്തെ ക്യാമ്പിൽ 39 പേർ പങ്കെടുത്തു. ക്യാമ്പിലെ കുടുംബദിനത്തിൽ 9 പേർക്ക് ലഹരി വിമുക്ത ജീവിതത്തിന്റെ മെഡൽ നൽകി ആദരിച്ചു. അഭിവന്ദ്യ പോളി കണ്ണൂക്കാടൻ പിതാവ് ദിവ്യബലി മദ്ധ്യേ വചനസന്ദേശം നടത്തി. ഡയറക്ടച്ചനും ടീമംഗങ്ങളും 26 ക്യാമ്പംഗങ്ങളുടെ ഭവനങ്ങൾ സന്ദർശിച്ച് അവരുടെ ജീവിത സാഹചര്യങ്ങൾ മനസ്സിലാക്കി വേണ്ട നിർദ്ദേശങ്ങൾ നൽകി.

ഡയറക്ടർ ജോൺ പോളച്ചന്റെ ജന്മദിനം കേക്ക് മുറിച്ച് ആഘോഷിച്ചു.

**ഫാ. ജോൺ പോൾ ഈയ്യന്നം**
ഡയറക്ടർ

## കാത്തലിക് കപ്പിൾസ് മൂവ്മെന്റ് (CCM)

**1. 'സ്നേഹത്തണൽ': മാരേജ് എൻറിച്ച്മെന്റ് പ്രോഗ്രാം**

കാത്തലിക് കപ്പിൾസ് മൂവ്മെന്റിന്റെ ആഭിമുഖ്യത്തിൽ സി.സി.എം. അംഗങ്ങളായ യുവദമ്പതികൾക്കായി 'സ്നേഹത്തണൽ' എന്ന പേരിൽ ഒരു മാരേജ് എൻറിച്ച്മെന്റ് പ്രോഗ്രാം, 2023 ജൂലൈ 2-ാം തിയ്യതി ഞായറാഴ്ച കല്ലേറ്റുംകര പാക്സിൽ വച്ച് സംഘടിപ്പിച്ചു. സി.സി.എം. സഹമദ്ധ്യസ്ഥരായ വി. ലൂയി മാർട്ടിൻ - വി. സെലി ഗ്വെരിൻ ദമ്പതിയുടെ തിരുനാളിനോടനുബന്ധിച്ചാണ് ഇത് നടത്തിയത്. വികാരി ജനറാൾ മോൺ. ജോസ് മഞ്ഞളി പ്രോഗ്രാം ഉദ്ഘാടനം ചെയ്തു. സി.സി.എം. രൂപത ഡയറക്ടർ ഫാ. ഡേവിസ് കിഴക്കുംതല അദ്ധ്യക്ഷത വഹിച്ചു. എറണാകുളം - അങ്കമാലി അതിരൂപത മിഷനറി കപ്പിൾസ് ഓഫ് ക്രൈസ്റ്റിന്റെ കോർഡിനേറ്റർ കപ്പിൾ ശ്രീ. റൈഫൻ & ശ്രീമതി ടെസി റൈഫൻ ക്ലാസ്സുകൾ നയിച്ചു. സി.സി.എം. രൂപത പ്രസിഡന്റ് കപ്പിൾ ശ്രീ. ജോബി & ശ്രീമതി ബിൻഷ ജോബി സ്വാഗതവും രൂപത വൈസ് പ്രസിഡന്റ് കപ്പിൾ ശ്രീ. ലിന്റോ & ശ്രീമതി റീന ലിന്റോ നന്ദിയും പറഞ്ഞു. 52 യുവദമ്പതികൾ പങ്കെടുത്തു. കുട്ടികൾക്കുള്ള പ്രോഗ്രാമിൽ ഈ യുവദമ്പതികളുടെ മക്കളായ 120 കുട്ടികൾ പങ്കെടുത്തു.

**ഫാ. ഡേവിസ് കിഴക്കുംതല**
ഡയറക്ടർ

## സ്മരണാഞ്ജലി

| | |
|---|---|
| റവ. ഫാ. ജോർജ്ജ് മാളിയേക്കൽ (Sr.) | 16.08.1984 |
| റവ. ഫാ. ജോസഫ് ചിറ്റിലപ്പിള്ളി (Sr.) | 24.08.1993 |
| റവ. ഫാ. സെബാസ്റ്റ്യൻ കരിപ്പായി | 28.08.1996 |
| മാർ ജോസഫ് ഇരിമ്പൻ | 23.08.1997 |
| റവ. ഫാ. ജോബ് ചിറ്റിലപ്പിള്ളി | 28.08.2004 |
| റവ. ഫാ. ജോസഫ് പടമാടൻ | 28.08.2006 |
| റവ. ഫാ. പോൾ ചിറയത്ത് | 21.08.2015 |
| റവ. ഫാ. സിറിയക് അമ്പൂക്കൻ | 31.08.2016 |
| റവ. ഫാ. പോൾ ചെറുവത്തൂർ | 22.08.2018 |
| റവ. ഫാ. ജോസ് എ. ചിറ്റിലപ്പിള്ളി | 10.08.2019 |
| റവ. ഫാ. ജോസ് കെ. ചിറ്റിലപ്പിള്ളി | 05.08.2021 |

# സ്പിരിച്ച്വാലിറ്റി സെന്റർ

1. **ആരാധന**

   തിങ്കൾ മുതൽ ശനി വരെ രാവിലെ 6.30നും 8.00നും വിശുദ്ധ കുർബാന, തുടർന്ന് വൈകിട്ട് 5.00 വരെ ആരാധന. വൈകിട്ട് 5ന് വി. കുർബാന.

2. **വചനപ്രഘോഷണവും ആന്തരിക സൗഖ്യ ആരാധനയും**

   എല്ലാ വെള്ളിയാഴ്ചകളിലും രാവിലെ 9.00 മണി മുതൽ ഉച്ചതിരിഞ്ഞ് 1.00 മണിവരെ വചനശുശ്രൂഷ, ദിവ്യബലി, കുമ്പസാരം, കൗൺസിലിങ്ങ്, ആന്തരിക സൗഖ്യാരാധന, ബന്ധനമോചന ശുശ്രൂഷകൾ.

3. **പ്രേഷിത കൂട്ടായ്മ**

   ആഗസ്റ്റ് 3-ാം തിയ്യതി വ്യാഴാഴ്ച ഉച്ചതിരിഞ്ഞ് 2 മണിക്ക്.

4. **ജെറീക്കോ പ്രാർത്ഥന**

   ആഗസ്റ്റ് 12-ാം തിയ്യതി ശനിയാഴ്ച വൈകീട്ട് 5.00 മണിയുടെ കുർബാനയ്ക്കുശേഷം.

5. **പ്രാർത്ഥന നിയോഗങ്ങൾ**

   ബഹു. വൈദികർക്കുവേണ്ടി ഓരോ ദിവസവും പ്രത്യേകം പ്രാർത്ഥിക്കുന്നു.

| | |
|---|---|
| 1 | Rev. Fr. Davis Kallingal |
| 2 | Rev. Fr. Pauly Padayatty |
| 3 | Rev. Fr. Joy Paliakkara |
| 4 | Rev. Fr. Davis Thattil |
| 5 | Rev. Fr. Joy Nellissery |
| 6 | Sunday |
| 7 | Rev. Fr. Jolly Vadakken |
| 8 | Rev. Fr. Thomas Puthussery |
| 9 | Rev. Fr. Jose Maniparambil |
| 10 | Rev. Fr. Davis Kudiyirickal |
| 11 | Rev. Fr. Raphael Panjikaran |
| 12 | Rev. Fr. Johnson G. Alappatt |
| 13 | Sunday |
| 14 | Rev. Fr. Joseph Thekkethala |
| 15 | Independence Day |
| 16 | Rev. Fr. Pauly Puthussery |
| 17 | Rev. Fr.Wilson Erathara |
| 18 | Rev. Fr. Davis Chenginiyadan |
| 19 | Rev. Fr. Sunny Kalampanamthadathil |
| 20 | Sunday |
| 21 | Rev. Fr. Varghese Konthuruthy |
| 22 | Rev. Fr. Paul Payyappilly |
| 23 | Rev. Fr. Francis Kavil |
| 24 | Rev. Fr. George Vezhaparambil |
| 25 | Rev. Fr. Joji Kallingal |
| 26 | Rev. Fr. Davis Kalapurackal |
| 27 | Sunday |
| 28 | Rev. Fr. Joji Palamattath |
| 29 | Rev. Fr. Jose Aricatt |
| 30 | Rev. Fr. John Thekkethala |
| 31 | Rev. Fr. Benny Karimalikkal |

**മോൺ. വിൽസൻ ഈരത്തറ**
റെക്ടർ

**ഫാ. സീമോൻ കാഞ്ഞിത്തറ**
ജോയിന്റ് റെക്ടർ

1. **യോഗ ദിനാചരണം**

ചാലക്കുടി അവാർഡ്, തൃശൂർ ജൻ ശിക്ഷൻ സൻസ്ഥാനുമായി സഹകരിച്ചുകൊണ്ട് അന്താരാഷ്ട്ര യോഗദിനാചരണം ചാലക്കുടി അവാർഡ് ഭവനിൽ വച്ച് നടത്തി. 100 ഓളം വനിതകൾ പങ്കെടുത്ത യോഗ പരിശീലനത്തിന്റെ ഉദ്ഘാടനം ചാലക്കുടി ബ്ലോക്ക് പഞ്ചായത്ത് വൈസ് പ്രസിഡന്റ് ശ്രീമതി ലീന ഡേവിസ് നിർവ്വഹിച്ചു. അവാർഡ് എക്സിക്യൂട്ടീവ് ഡയറക്ടർ ഫാ. മനോജ് കരിപ്പായി അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ തൃശൂർ ജൻ ശിക്ഷൻ സൻസ്ഥാൻ പ്രോഗ്രാം കോ - ഓർഡിനേറ്റർ ശ്രീമതി ദീപ, അവാർഡ് പ്രോഗ്രാം കോ-ഓർഡിനേറ്റർ സിസ്റ്റർ ലൂമിന എന്നിവർ പ്രസംഗിച്ചു. യോഗാനന്തരം ചിട്ടയായ യോഗ പരിശീലനത്തിന്റെ ആവശ്യകതയെപ്പറ്റി ക്ലാസ് നൽകി.

2. **ലാപ് ടോപ് വിതരണം**

ഇന്ത്യയിലെ സന്നദ്ധ സംഘടനകളുടെ ദേശീയ കൂട്ടായ്മയായ നാഷണൽ NGO കോൺഫെഡറേഷന്റെ സാമൂഹിക സംരംഭകത്വ വികസന പരിപാടിയുടെ ഭാഗമായി ചാലക്കുടി അവാർഡിന്റെ സഹകരണത്തോടെ പ്ലസ്ടു മുതൽ പ്രൊഫഷണൽ കോഴ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് പകുതി വിലയിൽ ലാപ് ടോപ് വിതരണം ചെയ്യുന്നു. ആദ്യ ഘട്ടത്തിൽ അപേക്ഷ നൽകിയ 100 വിദ്യാർത്ഥികൾക്കാണ് ഇപ്പോൾ ആനുകൂല്യം ലഭിക്കുന്നത്.

3. **തയ്യൽ മെഷിൻ വിതരണം**

നാഷണൽ NGO കോൺഫെഡറേഷന്റെ സാമൂഹിക സംരംഭകത്വ വികസന പരിപാടിയുടെ ഭാഗമായി ചാലക്കുടി അവാർഡിന്റെ സഹകരണത്തോടെ തയ്യൽ മെഷിൻ വിതരണം മൂന്നാം ഘട്ടത്തിൽ 50 എംബ്രോയിഡറി മെഷിനുകളാണ് പകുതി വിലയ്ക്ക് വിതരണം ചെയ്തത്.

4. **അവാർഡിൽ തിരുഹൃദയ പ്രതിഷ്ഠ നടത്തി**

ജൂൺ 23ന് അഭിവന്ദ്യ മാർ പോളി കണ്ണൂക്കാടൻ പിതാവിന്റെ കാർമ്മികത്വത്തിൽ ചാലക്കുടി അവാർഡ് ഭവനിൽ തിരുഹൃദയ പ്രതിഷ്ഠ നടത്തി.

5. **സൊസൈറ്റി വാർഷിക പൊതുയോഗം**

അവാർഡിന്റെ നേതൃത്വത്തിൽ പ്രവർത്തിക്കുന്ന വിവിധ സൊസൈറ്റികളിൽ പൊതുയോഗവും വാർഷികാഘോഷവും

വിവിധ പരിപാടികളോടെ നടത്തി. അവാർഡ് സെക്രട്ടറി കം ട്രഷറർ ഫാ. ഡിന്റോ തെക്കിനിയത്ത്, അവാർഡ് റീജിയണൽ കോ-ഓർഡിനേറ്റേഴ്സ്, സൊസൈറ്റി ഭാരവാഹികൾ തുടങ്ങിയവർ യോഗത്തിൽ പങ്കെടുത്തു.

❖ നവചേതന സൊസൈറ്റി, കുറ്റിക്കാട്: പരിയാരം ഗ്രാമപഞ്ചായത്തിലെ നവചേതന സൊസൈറ്റിയിൽ പൊതുയോഗവും വാർഷികാഘോഷവും നടത്തി. ഫുൾ എ പ്ലസ് നേടിയ വിദ്യാർത്ഥികളെ ആദരിക്കുകയും ചിൽഡ്രൻസ് ക്ലബ് അംഗങ്ങളായ എല്ലാ വിദാർത്ഥികൾക്കും പഠനോപകരണങ്ങൾ വിതരണം ചെയ്യുകയും ചെയ്തു.

❖ ഐശ്വര്യ സൊസൈറ്റി, വേലുപാടം: വരന്തരപ്പിള്ളി ഗ്രാമപഞ്ചായത്തിലെ വേലുപ്പാടം ഐശ്വര്യ സൊസൈറ്റിയിൽ വാർഷിക പൊതുയോഗവും തെരഞ്ഞെടുപ്പും നടത്തി. ഫുൾ എ പ്ലസ് നേടിയ വിദ്യാർത്ഥികളെ ആദരിച്ചു. കൂടാതെ എല്ലാവർക്കും സ്നേഹവിരുന്ന് നൽകുകയും ചെയ്തു.

**6. ക്ലാസ്സുകൾ / സെമിനാറുകൾ**

❖ അതിരപ്പിള്ളി ഗ്രാമപഞ്ചായത്തിലെ നവോദയ സൊസൈറ്റിയിലെ ചിൽഡ്രൻസ് ക്ലബ് അംഗങ്ങൾക്ക് ലഹരിവിമുക്ത കേരളം എന്ന വിഷയത്തെക്കുറിച്ച് ക്ലാസ്സ് നൽകി. 30 കുട്ടികൾ പങ്കെടുത്തു.

❖ ലൂർദ് മാത ഇംഗ്ലീഷ് മീഡിയം സ്കൂളിൽ പി.ടി.എ. മീറ്റിംഗിൽ 22.06.23ൽ Parenting നെക്കുറിച്ച് അവാർഡ് ഫാമിലി കൗൺസിലർ ശ്രീമതി ലീന ചെറിയാൻ ക്ലാസ്സ് നൽകി.

❖ ലൂർദ് മാത ഇംഗ്ലീഷ് മീഡിയം സ്കൂളിലെ വിദ്യാർത്ഥികൾക്ക് സോഷ്യൽ മീഡിയയുടെ സ്വാധീനം എന്നവിഷയത്തെ ആസ്പദമാക്കി 27.06.23 ൽ അവാർഡ് ഫാമിലി കൗൺസിലർ ശ്രീമതി ലീന ചെറിയാൻ ക്ലാസ്സ് നൽകി.

**7. മാരിറ്റൽ & പ്രീമാരിറ്റൽ കൗൺസിലിംഗ് ക്ലാസ്സ്**

ചാലക്കുടി നഗരസഭ ജാഗ്രതാസമിതിയും ചാലക്കുടി അവാർഡ് ഭവനും സംയുക്തമായി 15.07.2013ൽ ദമ്പതികൾക്കായ് വിവാഹാനന്തര കൗൺസിലിംഗ് ക്ലാസ്സും 17.07.2023 ൽ പ്രീമാരിറ്റൽ കൗൺസിലിംഗ് ക്ലാസ്സും ചാലക്കുടി നഗരസഭാ ജൂബിലി ഹാളിൽ വച്ച് നടത്തി. 60 പേർ പങ്കെടുത്തു. അവാർഡ് ഫാമിലി കൗൺസിലർമാരായ സിസ്റ്റർ നവിൻ പോൾ സി.എച്ച്.എഫ്., ശ്രീമതി ലീന ചെറിയാൻ, അവാർഡ് ലീഗൽ കൗൺസിലർ അഡ്വ. ലയ എം. എ. എന്നിവർ ക്ലാസ്സുകൾ നയിച്ചു.

**8. സൗജന്യ തൊഴിൽ പരിശീലനം**

❖ **ടെയിലറിംഗ് & ഹാൻഡ് എംബ്രോയിഡറി:** കേന്ദ്ര നൈപുണ്യ വികസന മന്ത്രാലയത്തിന്റെ കീഴിൽ പ്രവർത്തിക്കുന്ന ജൻ ശിക്ഷൺ സൻസ്ഥാൻ തൃശൂരുമായി സഹകരിച്ചുകൊണ്ട്, ചാലക്കുടി അവാർഡ് ഭവനിൽ 3 മാസത്തെ സൗജന്യ ടെയിലറിംഗ് & ഹാൻഡ് എംബ്രോയിഡറി പരിശീലനം 3-ാം ഘട്ടം ആരംഭിച്ചിരിക്കുന്നു. പരിശീലനം പൂർത്തിയാക്കുന്ന 40 പേർക്ക് ഗവൺമെന്റ് അംഗീകൃത സർട്ടിഫിക്കറ്റ് ലഭിക്കുന്നതാണ്.

❖ **ഡൊമെസ്റ്റിക് കെയർ അറ്റൻഡന്റ്:** കേന്ദ്ര നൈപുണ്യ വികസന മന്ത്രാലയത്തിന്റെ കീഴിൽ പ്രവർത്തിക്കുന്ന ജൻ ശിക്ഷൺ സൻസ്ഥാൻ തൃശൂരുമായി സഹകരിച്ചുകൊണ്ട് ചാലക്കുടി അവാർഡ് ഭവനിൽ 2 മാസത്തെ ഡൊമെസ്റ്റിക് കെയർ അറ്റെൻഡന്റ് പരിശീലനം ആരംഭിച്ചിരിക്കുന്നു. പരിശീലനം പൂർത്തിയാക്കുന്ന 20 പേർക്ക് ഗവണ്മെന്റ് അംഗീകൃത സർട്ടിഫിക്കറ്റ് ലഭിക്കുന്നതാണ്.

**ഫാ. മനോജ് കരിപ്പായി**
ഡയറക്ടർ




## 2023 August

### Birth Days

| | | | |
|---|---|---|---|
| **01** | Rev. Fr. Kokkatt Joju | **24** | Rev. Fr. Aricatt Varghese (Jr.) |
| **04** | Rev. Fr. Menoth Joby | | Rev. Fr. Manjaly Antony |
| **10** | Rev. Fr. Menachery Johny | **26** | Rev. Fr. Cheruvathur Joyal |
| | Rev. Fr. Ukken Naveen | | Rev. Fr. Chungath Ignatius |
| **12** | Rev. Fr. Puthenveettil Raphael | **28** | Rev. Fr. Alappadan Antu |
| **14** | Rev. Fr. Chakkalackal Arun | | Rev. Fr. Aricatt Varghese (Sr.) |
| | Rev. Fr. Mekkadath Manoj | **29** | Rev. Fr. Chethalan Andrews |
| **17** | Rev. Fr. Parassery Anto | | Rev. Fr. Vithayathil Joseph |
| **19** | Rev. Fr. Chittakkara Christy | | |

### Feast Days

| | | | |
|---|---|---|---|
| **21** | Rev. Fr. Cherapanath Pius | 29 | Rev. Fr. Kadambatt Joy |

**1. അഡോപ്റ്റ് ആൻ ഏയ്ഞ്ചൽ**

ഇരിങ്ങാലക്കുട രൂപത സോഷ്യൽ ആക്ഷൻ ഫോറത്തിന്റെ നേതൃത്വത്തിൽ നടത്തുന്ന ആശാനിലയം, സാന്തോം സ്പെഷ്യൽ സ്ക്കൂളുകളിലെ 156 കുഞ്ഞുങ്ങളെ സഹായിക്കാനും സാമ്പത്തിക മായി സംരക്ഷണം ഒരുക്കാനും ആയി ആരംഭിച്ച 'അഡോപ്റ്റ് ആൻ ഏയ്ഞ്ചൽ" 'ഒരു മാലാഖകുഞ്ഞിനെ ദത്തെടുക്കാമോ' എന്ന പദ്ധതിയിലേക്ക് കൂടുതൽ വ്യക്തികൾ സൻമനസ്സോടെ മുന്നോട്ടു വരുന്നതിന് ആത്മാർത്ഥമായ നന്ദി അറിയിക്കുന്നു.

**സംഭാവന നൽകിയ ബെനഫാക്ടേഴ്സ്**

| | | |
|---|---|---|
| 1. | Mohammed, Kodungallur | 10,000/- |
| 2. | Merisha Biju, Ayanikadan, Mupliyam | 1,000/- |
| 3. | Shemmy Jolly, Vennattuparambil, Kuttikad | 1,000/- |
| 4. | Merisha Biju, Pulickasherry, Mala | 1,000/- |
| 5. | Eliamma Joseph, Vellikulangara | 2,000/- |
| 6. | Nisha Jose, Arakkaparamban,Vellikulangara | 10,000/- |
| 7. | Angelin Jose, Vellikulangara | 10,000/- |
| 8. | Shemmy Jolly, Vennattuparambil, Kuttikad | 1,000/- |
| 9. | Annamma Kulathinal, Vellikulangara | 10,000/- |
| 10. | Beena K. L., Kochekadan, Vallapadi | 1,000/- |
| 11. | Fr. Paul Ambookan, Fathima Matha Church, Kottanellur | 25,000/- |
| 12. | Tony Chathely, Thazhekad | 10,000/- |
| 13. | Edwin Davis Payappan, Vellikulangara | 5,000/- |
| 14. | Pauly V. O., Vadassery, Vellikulangara | 5,000/- |
| 15. | Rocky Chethalan, Koodapuzha | 5,000/- |
| 16. | Paul Arakkaparamban, Vellikulangara | 10,000/- |
| 17. | Little Flower Church, Potta | 10,000/- |
| | **Total** | **1,17,000/-** |

**2. മെഡിക്ലെയിം ഇൻഷ്വറൻസ്**

യുണൈറ്റഡ് ഇന്ത്യ ഇൻഷുറൻസ് കമ്പനിയുടെ നിലവിലുള്ള ഇൻഷുറൻസ് സ്റ്റാർ ഹെൽത്തുമായി സഹകരിച്ച് സോഷ്യൽ ആക്ഷന്റെ നേതൃത്വത്തിൽ ആരംഭിച്ച പുതിയ (വ്യക്തിഗത/ഫാമിലി) ഇൻഷ്വറൻസ് പദ്ധതി മുന്നോട്ട് പോകുന്നു.

മെഡിക്ലെയിം ഇൻഷ്വറൻസ് വഴി 9 പോളിസി ഉടമകൾക്ക് 2,35,817/- രൂപ വിതരണം ചെയ്തു.

**3. INSPIRE 2023**

ഇടവകതലത്തിലേക്ക് സോഷ്യൽ ആക്ഷൻ പ്രവർത്തനങ്ങൾ വിപുലീകരിക്കുവാനും സ്ത്രീശാക്തീകരണ പദ്ധതികൾ കൂടിയാലോചിക്കുന്നതിനും അവതരിപ്പിക്കുന്നതിനും ആയി 'INSPIRE 2023' ഫൊറോന തലത്തിൽ തുടക്കം കുറിച്ചിരിക്കുകയാണ്. ആയതിന്റെ ആദ്യ മീറ്റിംഗ് കൽപറമ്പ് ഫൊറോനയിൽ മതിലകം സെന്റ്ജോസഫ്സ് ഇടവകയിൽ 2023 ജൂൺ 20നു നടത്തുകയുണ്ടായി. രാവിലെ 10 മണിക്ക് ആരംഭിച്ച മീറ്റിങ്ങിൽ സോഷ്യൽ ആക്ഷൻ ഫോറം അസ്സോസിയേറ്റ് ഡയറക്ടർ റവ. ഫാ. ജോമിൻ ചെരടായി സ്വാഗതം ആശംസിച്ചു. മതിലകം പള്ളി വികാരി റവ. ഫാ. വിൽസൺ എലുവത്തിങ്കൽ കൂനൻ ഉദ്ഘാടനം നിർവ്വഹിച്ച ചടങ്ങിൽ എക്സിക്യൂട്ടീവ് ഡയറക്ടർ റവ. ഫാ. തോമസ് നട്ടേക്കാടൻ അധ്യക്ഷത വഹിച്ചു. കൗൺസിലിങ്ങ് സൈക്കോളജിസ്റ്റ് Mrs. Dimple Reeshen ക്ലാസ് നയിച്ചു. സൂപ്രണ്ട് ശ്രീ. പോളി ജോർജിന്റെ നേതൃത്വത്തിൽ നടത്തിയ ചർച്ചകൾക്ക് ശേഷം മീറ്റിംഗ് അവസാനിച്ചു.

സജീവം പദ്ധതിയുടെ ഭാഗമായി ലഹരിവിരുദ്ധറാലി നടത്തുകയും പ്രതിജ്ഞ ചൊല്ലുകയും ചെയ്തു. ഫൊറോന ലീഡർ ശ്രീമതി ആലിസ് തോമസ് എല്ലാവർക്കും നന്ദി പറഞ്ഞു.

**3. SAFI EXECUTIVE & ANNUAL GENERAL BODY MEETING**

സോഷ്യൽ ആക്ഷൻ ഫോറം എക്സിക്യൂട്ടീവ് മീറ്റിങ്ങും വാർഷിക പൊതു യോഗവും 2023 ജൂൺ 26നു സോഷ്യൽ ഫോറം ഓഫീസിൽ നടത്തപ്പെട്ടു. രാവിലെ 10 മണിക്ക് എക്സിക്യൂട്ടീവ് മീറ്റിംഗ് കൂടുകയും തുടർന്ന് 10.30നു ജനറൽ ബോഡി മീറ്റിങ്ങും ആരംഭിച്ചു. സോഷ്യൽ ആക്ഷൻ ഫോറം അസ്സോസിയേറ്റ് ഡയറക്ടർ റവ. ഫാ. ജോമിൻ ചെരടായി സ്വാഗതം ആശംസിച്ചു. എക്സിക്യൂട്ടീവ് ഡയറക്ടർ റവ. ഫാ. തോമസ് നട്ടേക്കാടൻ റിപ്പോർട്ട് അവതരിപ്പിക്കുകയും പ്രവർത്തനങ്ങൾ വിശദീകരിക്കുകയും ചെയ്തു. അഭിവന്ദ്യ മാർ പോളി കണ്ണൂക്കാടൻ പിതാവ് ഉദ്ഘാടനം നിർവ്വഹിച്ച ചടങ്ങിൽ സോഷ്യൽ ആക്ഷൻ പ്രസിഡന്റ് മോൺ. ജോസ് മഞ്ഞളി അധ്യക്ഷത വഹിച്ചു. സോഷ്യൽ ആക്ഷൻ ഫോറത്തിന്റെ വാർഷിക പ്രവർത്തന റിപ്പോർട്ട് വൈസ് പ്രസിഡന്റ് അഡ്വ. ഇ.ടി. തോമസ് സാറിന് നൽകികൊണ്ട് പ്രകാശനം ചെയ്തു. കെസിബിസിയുടെ ഇത്തവണത്തെ വാർഷിക പ്രവർത്തന റിപ്പോർട്ടിനുള്ള സ്പെഷ്യൽ അവാർഡിന് കേരളത്തിലെ 32 NGO കളിൽ നിന്നും സോഷ്യൽ ആക്ഷൻ തിരഞ്ഞെടുക്കപ്പെട്ടു. അഭിവന്ദ്യപിതാവിൽനിന്നും റവ. ഫാ. തോമസ് നട്ടേക്കാടൻ, റവ. ഫാ. ജോമിൻ ചെരടായി എന്നിവരോടൊപ്പം എല്ലാ സ്റ്റാഫ് അംഗങ്ങളും ചേർന്ന് അവാർഡ്

ഏറ്റുവാങ്ങി. ഇതിനായി അക്ഷീണം പ്രവർത്തിച്ച ജോമിൻ ചെരടായി അച്ചന് പ്രത്യേകം നന്ദി. അക്കൗണ്ട്സ് ഓഫീസർ ശ്രീ. പോൾ ഡേവിസ് വാർഷിക കണക്കുകൾ അവതരിപ്പിച്ചു. വൈസ് പ്രസിഡന്റ് അഡ്വ. ഇ.ടി. തോമസ്, ഇരിങ്ങാലക്കുട ഫൊറോന വികാരി വെരി റവ. ഫാ. പയസ് ചിറപ്പണത്ത് എന്നിവർ ആശംസകൾ അർപ്പിച്ചു. ആശാനിലയം സ്പെഷ്യൽ സ്കൂൾ കുട്ടികളുടെ ഡാൻസ് ഉണ്ടായിരുന്നു. സജീവം പദ്ധതിയുടെ ഭാഗമായി ലഹരി വിരുദ്ധ പ്രതിജ്ഞ ചൊല്ലി. തുടർന്ന് ചർച്ചകൾക്ക് ശേഷം സൂപ്രണ്ട് ശ്രീ. പോളി ജോർജ് എല്ലാർക്കും നന്ദി പറഞ്ഞു. ഉച്ചഭക്ഷണത്തിനുശേഷം യോഗം സമാപിച്ചു.

**4. SAJEEVAM**

KSSFന്റെ സഹകരണത്തോടെ കാരിത്താസ് ഇന്ത്യ സജീവം പ്രോജെക്ട് സോഷ്യൽ ആക്ഷൻ ഫോറത്തിൽ ആരംഭിച്ചിരിക്കുന്നു. ലഹരിവിരുദ്ധ തലമുറയെ വാർത്തെടുക്കുന്നതിനായി ഒറ്റക്കെട്ടായി പ്രവർത്തിക്കാനും രൂപതാതലത്തിൽ വിവിധ കമ്മിറ്റികൾ രൂപീകരിച്ച് സമൂഹത്തെ ബോധവൽക്കരിക്കാനും വേണ്ടി 18 മാസകാലാവധിയുള്ള ഒരു പ്രോജെക്ട് ആണ്. ഇടവക തലത്തിൽ ബോധവൽക്കരണ സെമിനാറുകൾ നടത്തി യുവതലമുറയെ സംരക്ഷിക്കുക എന്ന സന്ദേശവുമായി കടുപ്പൂക്കര, ഇരിങ്ങാലക്കുട ഡോളേഴ്സ് ഇടവകകളിൽ ക്യാമ്പ് സംഘടിപ്പിച്ചു.

ആശാകിരണം പദ്ധതിയുടെ ഭാഗമായി തിരുവനന്തപുരം RCCയുമായി സഹകരിച്ച് കാൻസർ ഡിറ്റക്ഷൻ ക്യാമ്പ് കൂടപ്പുഴ ഇടവകയിൽ നടത്തി.

**5. സേവ് എ ഫാമിലി പദ്ധതി**

പദ്ധതി പൂർത്തിയാക്കിയ 18 ഗുണഭോക്താക്കളുടെ കംപ്ലീഷൻ റിപ്പോർട്ട് അപ്ലോഡ് ചെയ്തു. ബെനഫാക്ടേഴ്സിന് നന്ദി പറഞ്ഞു കൊണ്ട് കത്തുകൾ അയച്ചു.

**6. നർച്ചർ പദ്ധതി**

KSSFന്റെ പ്രകൃതി പരിപോഷണം നമ്മുടെ കടമ എന്ന ആപ്തവാക്യം ഉൾക്കൊണ്ടുകൊണ്ട് കേരള സോഷ്യൽ സർവീസ് ഫോറത്തിന്റെ നേതൃത്വത്തിൽ നടത്തപ്പെടുന്ന നർച്ചർ പദ്ധതിയുടെ പ്രവർത്തനങ്ങൾ തുടർന്ന് പോകുന്നു.

**7. എൽ.ഐ.സി. ജീവൻ മധൂർ ഇൻഷ്വറൻസ്**

എൽ.ഐ.സി. ജീവൻ മധൂർ ഇൻഷ്വറൻസ് വഴി 7 പോളിസി ഉടമകൾക്ക് 1,54000/- രൂപ വിതരണം ചെയ്തു.

**8. ജെ.എൽ.ജി. ഗ്രൂപ്പ് പ്രവർത്തനങ്ങൾ**

കാർഷിക ലോൺ: സോഷ്യൽ ആക്ഷൻ ഫോറത്തിന്റെ വനിതാ സംരംഭമായ 'ഗ്രാമശ്രീ'-യിലെ സ്വാശ്രയ സംഘങ്ങളിൽപ്പെട്ട 7 ജെ.

എൽ.ജി.കൾക്ക് 21 ലക്ഷം രൂപയുടെ കാർഷിക വായ്പ ഫെഡറൽ ബാങ്ക്, ബാങ്ക് ഓഫ് ഇന്ത്യ എന്നീ ബാങ്കുകൾവഴി അനുവദിച്ചു. പുതിയ 5 ജെ.എൽ.ജി.കൾ രൂപീകരിച്ചു.

**9. സാഫല്യം ഭവന പദ്ധതി**

സോഷ്യൽ ആക്ഷൻ ഫോറത്തിന്റെ നേതൃത്വത്തിൽ അഭിവന്ദ്യ മാർ പോളി കണ്ണൂക്കാടൻ പിതാവിന്റെ ഷഷ്ടിപൂർത്തി സ്മാരക പദ്ധതിയായ സാഫല്യം ഭവന പദ്ധതിയുടെ പ്രവർത്തനം പുരോഗമിക്കുന്നു. ഇരിങ്ങാലക്കുട രൂപതയിലെ അർഹരായ 60 പേർക്ക് ഭവനങ്ങൾ നിർമ്മിക്കാനുള്ള സഹായം ഈ പദ്ധതി വഴി വിതരണം ചെയ്യുന്നു. ഈ പദ്ധതി വഴി ഇതിനകം 48,56,000 രൂപ വിതരണം ചെയ്തു.

**10. സോളാർ വാട്ടർഹീറ്റർ പദ്ധതി**

സോഷ്യൽ ആക്ഷൻ ഫോറവും റൈസൻ എനർജി സൊലൂഷൻസ് പ്രൈവറ്റ് ലിമിറ്റഡും സംയുക്തമായി നടപ്പിലാക്കി വരുന്ന സോളാർ വാട്ടർ ഹീറ്റർ പദ്ധതിയിൽ 100, 150, 200, 300, 500 ലിറ്റർ തുടങ്ങി വിവിധതരത്തിലുള്ള സോളാർ വാട്ടർ ഹീറ്റർ ക്വാളിറ്റി മോഡലുകൾ മിതമായ നിരക്കിൽ നല്കി വരുന്നു. പദ്ധതിയിൽ അംഗങ്ങളാകാൻ ആഗ്രഹിക്കുന്നവർ ഇരിങ്ങാലക്കുട സോഷ്യൽ ആക്ഷൻ ഓഫീസുമായോ (ഫോൺ നമ്പർ: 0480-2826990, 2821875) ഇടവക സോഷ്യൽ ആക്ഷൻ യൂണിറ്റുകളുമായോ ബന്ധപ്പെടേണ്ടതാണ്.

**11. മിത്ര കളക്ഷൻ പദ്ധതി**

Vguard ഇൻവർട്ടറുകൾ തവണ വ്യവസ്ഥയിൽ ഇടവകപള്ളികൾ വഴി സ്വന്തമാക്കാൻ അവസരം ഒരുക്കിയിരിക്കുന്നു. ഇതിൽ പങ്കാളികളാകുന്നതിലൂടെ സാമൂഹ്യസേവന പ്രവർത്തനങ്ങളിൽ നിങ്ങളും പങ്കുചേരുന്നു. പദ്ധതിയിൽ അംഗങ്ങളാകാൻ ആഗ്രഹിക്കുന്നവർ ഇരിങ്ങാലക്കുട സോഷ്യൽ ആക്ഷൻ ഓഫീസുമായോ (ഫോൺ നമ്പർ: 9745753388) ഇടവക സോഷ്യൽ ആക്ഷൻ യൂണിറ്റുകളുമായോ ബന്ധപ്പെടേണ്ടതാണ്.

**12. പ്രകൃതി അഗ്രകൾച്ചറൽ നഴ്സറി**

കൊറ്റനല്ലൂർ സ്ഥിതിചെയ്യുന്ന പ്രകൃതി നഴ്സറിയിൽ ഗുണമേയുള്ള തെങ്ങ്, അടക്കമരം തൈകൾ, വിവിധതരം വാഴക്കന്ന്, ഫലവൃക്ഷ തൈകൾ, പൂച്ചെടികൾ, പച്ചക്കറിതൈകൾ, വിവിധയിനം ഇന്റീരിയർ ഫ്ളവേഴ്സ് ചെടികൾ മിതമായ നിരക്കിൽ വിൽക്കപ്പെടുന്നു. തൈകൾ വാങ്ങാൻ ആഗ്രഹിക്കുന്നവർ പ്രകൃതി അഗ്രികൾച്ചറൽ നഴ്സറിയുമായി ബന്ധപ്പെടുക.

ഫോൺ നമ്പർ: റീസ നിക്സൻ: 9961154497

ഫാ. തോമസ് നട്ടേക്കാടൻ: 8714134467

**ഫാ. തോമസ് നട്ടേക്കാടൻ**
ഡയറക്ടർ




## 2023 ജൂൺ

21 07.15 am കല്ലേറ്റുംകര പാക്സിൽ വി. ബലി അർപ്പിച്ചു.

10.30 am ചാലക്കുടി അൽവേർണിയ പ്രൊവിൻഷ്യൽ ഹൗസിൽ വി. കുർബാന അർപ്പിച്ചു.

03.00 pm ഫാ. ഡോ. ഫ്രാൻസിസ് ചിറയത്ത് ട്രസ്റ്റ് മീറ്റിങ്ങിൽ അദ്ധ്യക്ഷത വഹിച്ചു.

05.15 pm കാട്ടൂർ പള്ളിയിൽ മോൺ. എഫ്രേം പാലത്തിങ്കലിന്റെ 25-ാം ചരമവാർഷികത്തോടനുബന്ധിച്ച് വി. കുർബാന അർപ്പിച്ചു.

22 06.15 am ഇരിങ്ങാലക്കുട അൽവേർണിയ നോവിഷ്യേറ്റ് ഹൗസിൽ വി. കുർബാന അർപ്പിച്ചു.

10.00 am പോട്ട ഇടവകയിൽ വയോജനസംഗമത്തോടനുബന്ധിച്ച് വി. കുർബാന അർപ്പിച്ചു.

03.00 pm കേരളസഭാനവീകരണം മീറ്റിങ്ങിൽ അദ്ധ്യക്ഷത വഹിച്ചു.

23 06.30 am കാട്ടുങ്ങച്ചിറ ഷേൺസ്റ്റാട്ട് കോൺവെന്റിൽ വി. കുർബാന അർപ്പിച്ചു.

10.00 am എജ്യുക്കേഷൻ കൗൺസിൽ മീറ്റിങ്ങിൽ അദ്ധ്യക്ഷത വഹിച്ചു.

11.30 am മാള ബി.എഡ്. കോളേജിൽ തിരുഹൃദയ പ്രതിഷ്ഠ നടത്തി.

03.00 pm താഴെക്കാട് ഇടവകയിലെ ഒരു ഭവനം വെഞ്ചിരിച്ചു.

04.00 pm ചാലക്കുടി, അവാർഡിൽ തിരുഹൃദയ പ്രതിഷ്ഠ നടത്തി.

06.00 pm ആളൂർ, തിരുഹൃദയ ഭവനം സെമിനാരിയിൽ വി. കുർബാന അർപ്പിക്കുകയും തിരുഹൃദയപ്രതിഷ്ഠ നടത്തുകയും ചെയ്തു.

24 06.30 am ഉദയ പ്രൊവിൻഷ്യൽ ഹൗസിൽ വി. കുർബാന അർപ്പിച്ചു.

11.30 am കല്ലേറ്റുംകര പാവനാത്മ പ്രൊവിൻഷ്യൽ ഹൗസിൽ വി. കുർബാന അർപ്പിച്ചു.

02.30 pm എ.കെ.സി.സി. മീറ്റിങ്ങിൽ അദ്ധ്യക്ഷത വഹിച്ചു.

03.00 pm P.W.F. മീറ്റിങ്ങിൽ അദ്ധ്യക്ഷത വഹിച്ചു.

| | | |
|---|---|---|
| 25 | 06.30 am | പ്രതീക്ഷഭവനിൽ വി. കുർബാന അർപ്പിച്ചു. |
| | 03.00 pm | മേഴ്സി ട്രസ്റ്റ് മീറ്റിങ്ങിൽ അദ്ധ്യക്ഷത വഹിച്ചു. |
| | 06.00 pm | നെടുമ്പാൾ ജംഗ്ഷനിൽ പറപ്പൂക്കര ഫൊറോന പള്ളിയുടെ നേതൃത്വത്തിൽ നടന്ന മണിപ്പൂരിലെ ക്രൈസ്തവ പീഡനങ്ങൾക്കെതിരെയുള്ള പ്രതിഷേധയോഗം ഉദ്ഘാടനം ചെയ്തു. |
| 26 | 06.30 am | പൊയ്യ ഇടവകയിൽ നാലാമത്തെ കുഞ്ഞിന് പ്രാരംഭ കൂദാശകൾ നൽകി. |
| | 08.00 am | തെക്കൻ താണിശ്ശേരി ഇടവകയിൽ നെവിൻ ആട്ടോക്കാരൻ അച്ചന്റെ നാമഹേതുക തിരുനാളിനോടനുബന്ധിച്ച് ആശംസകൾ നേർന്നു. |
| | 10.30 am | സോഷ്യൽ ആക്ഷൻ ജനറൽ ബോഡി മീറ്റിങ്ങിൽ അദ്ധ്യക്ഷത വഹിച്ചു. |
| | 01.00 pm | കത്തീഡ്രൽ ഇടവകയിലെ ഒരു ഭവനത്തിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. |
| | 03.00 pm | സെന്റ് ജോസഫ്സ് കോളേജിൽ ടി.എൻ. പ്രതാപൻ എം.പി.യുടെ നേതൃത്വത്തിൽ ഉന്നതവിജയം നേടിയ കുട്ടികളെ ആദരിക്കുന്ന യോഗത്തിൽ അനുഗ്രഹപ്രഭാഷണം നടത്തി. |
| | 07.00 pm | കല്ലേറ്റുംകര, പാക്സ് ഡേയിൽ പങ്കെടുത്തു. |
| 27 | 06.00 am | പുല്ലൂർ, സേക്രഡ് ഹാർട്ട് കോൺവെന്റിൽ വി. കുർബാന അർപ്പിച്ചു. |
| | 09.00 am | പൊതുജനങ്ങളുമായി കൂടികാഴ്ച നടത്തി. |
| | 06.00 pm | തൃശൂർ, ഡി.ബി.സി.എൽ.സി.യിൽ മൈനർ സെമിനാരി ബാച്ച് ഗാതറിങ്ങിൽ പങ്കെടുത്തു. |
| 28 | 07.00 am | പെരിഞ്ഞനം, ശാലോം സദനിൽ വി. കുർബാന അർപ്പിച്ചു. |
| | 11.00 am | കൺസൾട്ടേഴ്സിന്റെയും ഫൊറോന വികാരിമാരുടെയും സംയുക്ത യോഗത്തിൽ അദ്ധ്യക്ഷത വഹിച്ചു. |
| | 03.00 pm | വിദ്യാജ്യോതിയിലെ മീറ്റിങ്ങിൽ പങ്കെടുത്തു. |
| | 07.00 pm | സെന്റ് ജെയിംസ് ഹോസ്പിറ്റലിൽ ഡോക്ടേഴ്സിനോടൊത്തുള്ള മീറ്റിങ്ങിൽ അദ്ധ്യക്ഷത വഹിച്ചു. |
| 29 | 07.15 am | നാമഹേതുക തിരുനാൾ ദിനത്തിൽ കത്തീഡ്രലിൽ വി. കുർബാന അർപ്പിച്ചു. |
| | 06.00 pm | ഇരിങ്ങാലക്കുട, മൈനർ സെമിനാരിയിൽ വി. കുർബാന അർപ്പിക്കുകയും സെന്റ് പോൾസ് ഡേ ആഘോഷങ്ങളിൽ പങ്കുചേരുകയും ചെയ്തു. |
| 30 | 09.30 am | കരാഞ്ചിറ ഇടവകയിലെ ഒരു ഭവനത്തിൽ മൃതസംസ്കാരശുശ്രൂഷയ്ക്ക് കാർമ്മികത്വം വഹിച്ചു. |

10.30 am ആളൂർ സെന്റ് ജോസഫ് സ്കൂളിൽ വിജയോത്സവം ഉദ്ഘാടനം ചെയ്തു.
02.30 pm പ്രസ്ബിറ്ററൽ കൗൺസിൽ മീറ്റിങ്ങിൽ അദ്ധ്യക്ഷത വഹിച്ചു.
07.00 pm ബി.എൽ.എം.ൽ വി. കുർബാന അർപ്പിച്ചു.

## 2023 ജൂലൈ

01 06.30 am ചായ്പൻകുഴി ഇടവകയിൽ നാലാമത്തെ കുഞ്ഞിന് പ്രാരംഭ കൂദാശകൾ നൽകി.
09.15 am ആളൂർ ഇടവകയിലെ ഒരു ഭവനം വെഞ്ചരിച്ചു.
10.00 am വല്ലക്കുന്ന് സ്നേഹോദയ നഴ്സിങ്ങ് കോളേജിൽ ഗ്രാജ്വേഷൻ സെറിമണിയുടെ ഉദ്ഘാടനം നിർവ്വഹിച്ചു.
02.30 pm വിദ്യാജ്യോതിയിൽ സ്കൂൾ കാറ്റിക്കിസത്തിന്റെ അവാർഡ്ദാനം നിർവ്വഹിച്ചു.
05.00 pm മണിപ്പൂർ ക്രൈസ്തവ പീഢനത്തിനെതിരെ കുറുമാലി പുഴ മുതൽ ചാലക്കുടി പുഴ വരെ തീർത്ത "സ്നേഹചങ്ങല" ഉദ്ഘാടനം ചെയ്തു.
02 07.30 am കത്തീഡ്രലിൽ വി. കുർബാന അർപ്പിച്ചു.
03.00 pm എലിഞ്ഞിപ്ര ബെത്‌ലേഹം ഇടവകയിലെ 43 ഭവനങ്ങൾ സന്ദർശിച്ചു.
03 07.30 am കത്തീഡ്രൽ പള്ളിയിൽ ദുക്റാന തിരുനാളിനോടനുബന്ധിച്ച് വി. ബലി അർപ്പിച്ചു.
10.00 am അമ്പഴക്കാട് ഫൊറോന പള്ളിയിൽ തിരുനാൾ റാസ കുർബാന അർപ്പിച്ചു.
02.00 pm വിദ്യാജ്യോതിയിൽ മതബോധന അവാർഡ് ദാനം നിർവ്വഹിച്ചു.
04 06.15 am കുഴൂർ ഇടവകയിൽ നാലാമത്തെ കുഞ്ഞിന് പ്രാരംഭ കൂദാശകൾ നൽകി.
09.00 am പൊതുജനങ്ങളുമായി കൂടികാഴ്ച നടത്തി.
03.00 pm കുഴിക്കാട്ടുശ്ശേരി മറിയം ത്രേസ്യ തീർത്ഥകേന്ദ്രത്തിലെ മീറ്റിങ്ങിൽ അദ്ധ്യക്ഷത വഹിച്ചു.
07.00 pm ഇരിങ്ങാലക്കുട, കത്തീഡ്രലിൽ മെഗാഷോ ഉദ്ഘാടനം ചെയ്തു.
05 06.30 am കല്ലേറ്റുംകര, പാക്സിൽ വി. കുർബാന അർപ്പിച്ചു.
08.30 am കുഴിക്കാട്ടുശ്ശേരി ഇടവകയിലെ ഒരു ഭവനത്തിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.
10.00 am പി.ഒ.സി.യിലെ മീറ്റിങ്ങിൽ അദ്ധ്യക്ഷത വഹിച്ചു.
06 09.30 am രൂപതാഭവനത്തിൽ വൈദികരുടെ മാസധ്യാനത്തിലും തുടർന്നുള്ള പ്രസ്ബിത്തേരിയത്തിലും പങ്കുചേർന്നു.

| | | |
|---|---|---|
| | 02.30 pm | പുളിയിലക്കുന്ന് ചാവറ നികേതനിൽ സി. ഗോഡ്ഫ്രി സി.എം.സി.യുടെ മൃതസംസ്കാരശുശ്രൂഷയ്ക്ക് കാർമ്മികത്വം വഹിച്ചു. |
| | 03.30 pm | ചാലക്കുടി, സെന്റ് ജെയിംസ് ട്രസ്റ്റ് മീറ്റിങ്ങിൽ അദ്ധ്യക്ഷത വഹിച്ചു. |
| | 05.30 pm | പേരാമ്പ്ര ഹൃദയ പാലിയേറ്റീവ് ഹോസ്പീസ് സന്ദർശിച്ചു. |
| | 06.00 pm | ചാലക്കുടി ഫൊറോന പള്ളിയിൽ മണിപ്പൂർ ക്രൈസ്തവ പീഡനത്തിനെതിരെ സംഘടിപ്പിച്ച സ്നേഹചങ്ങലയുടെ ഇവാലുവേഷൻ മീറ്റിങ്ങിൽ അദ്ധ്യക്ഷത വഹിച്ചു. |
| 07 | 07.30 am | ഇരിങ്ങാലക്കുട, കത്തീഡ്രലിൽ വി. കുർബാന അർപ്പിച്ചു |
| | 03.00 pm | കൊടകര, സഹൃദയ ട്രസ്റ്റ് മീറ്റിങ്ങിൽ അദ്ധ്യക്ഷത വഹിച്ചു. |
| | 05.30 pm | സിൽച്ചർ ട്രസ്റ്റ് മീറ്റിങ്ങിൽ അദ്ധ്യക്ഷത വഹിച്ചു. |
| 08 | 06.00 am | താഴൂർ പള്ളിയിൽ നാലാമത്തെ കുഞ്ഞിന് പ്രാരംഭ കൂദാശകൾ നൽകി. |
| | 10.00 am | രൂപതാഭവനത്തിൽ പാസ്റ്ററൽ കൗൺസിൽ മീറ്റിങ്ങ് ഉദ്ഘാടനം ചെയ്തു. |
| | 11.00 am | ചൗക്ക പള്ളിയിൽ വിവാഹം ആശീർവദിച്ചു. |
| 09 | 06.30 am | കല്ലേറ്റുംകര, പാക്സിൽ ബി.സി.ടി. കോഴ്സിനോടനുബന്ധിച്ച് വി. കുർബാന അർപ്പിച്ചു. |
| | 03.00 pm | എലിഞ്ഞിപ്ര, ബെത്ലേഹം ഇടവകയിലെ 42 ഭവനങ്ങൾ സന്ദർശിച്ചു. |
| 10 | 06.45 am | ഇരിങ്ങാലക്കുട, മൈനർ സെമിനാരിയിൽ മാർ ജെയിംസ് പഴയാറ്റിൽ പിതാവിന്റെ മരണവാർഷികദിനത്തിൽ വി. ബലി അർപ്പിക്കുകയും ഒപ്പീസ് ചൊല്ലുകയും ചെയ്തു. |
| | 10.30 am | കുഴിക്കാട്ടുശ്ശേരി ഇടവകയിൽ വിവാഹം ആശീർവദിച്ചു. |
| | 02.00 pm | പേരാമ്പ്ര ഹൃദയ പാലിയേറ്റീവ് കെയർ ഹോസ്പീസ് വെഞ്ചരിപ്പ് കർമ്മം നിർവ്വഹിച്ചു. |
| | 03.00 pm | രൂപതാഭവനത്തിൽ നടത്തിയ ഹൃദയ പാലിയേറ്റീവ് വാർഷികത്തിൽ അദ്ധ്യക്ഷത വഹിച്ചു. |
| | 05.00 pm | മാർ ജെയിംസ് പഴയാറ്റിൽ പിതാവിന്റെ 7-ാം മരണവാർഷികദിനത്തിൽ കത്തീഡ്രലിൽ അനുസ്മരണബലിയർപ്പിച്ചു. |
| | 06.30 pm | കേരളസഭ ട്രസ്റ്റ് മീറ്റിങ്ങിൽ അദ്ധ്യക്ഷത വഹിച്ചു. |
| | 07.15 pm | തൃശൂർ, അമല ഹോസ്പിറ്റലിൽ രോഗീസന്ദർശനം നടത്തി. |

| | | |
|---|---|---|
| 11 | 07.15 am | കത്തീഡ്രലിൽ വി. കുർബാന അർപ്പിച്ചു. |
| | 09.00 am | പൊതുജനങ്ങളുമായി കൂടികാഴ്ച നടത്തി. |
| | 04.00 pm | എലിഞ്ഞിപ്ര, ബെത്‌ലഹേം ഇടവകയിലെ ഭവനങ്ങൾ സന്ദർശിച്ചു. |
| 12 | 07.15 am | മൂന്നുമുറി പള്ളിയിൽ നാലാമത്തെ കുഞ്ഞിന് പ്രാരം ഭകൂദാശകൾ നൽകി. |
| | 10.30 am | അരിപ്പാലം ഇടവകയിലെ ഒരു ഭവനത്തിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. |
| | 11.00 am | പരിയാരം സി.എസ്.ആർ.ൽ സി.എം.ഐ. വൈദിക രുടെ വാർഷികധ്യാനത്തോടനുബന്ധിച്ച് വി.കുർബാന അർപ്പിച്ചു. |
| | 01.00 pm | കൂടപ്പുഴ കോൺവെന്റിൽ സി. ലിബിയ എസ്.എ.ബി. എസ്.ന്റെ 80-ാം പിറന്നാളിനോടനുബന്ധിച്ച് ആശംസകൾ നേർന്നു. |
| | 06.00 pm | പുല്ലൂർ ഇടവകയിൽ തിരുപ്പട്ടം സ്വീകരിക്കുന്ന ഡീക്കൻ ആന്റണി കോടങ്കണ്ടത്തിന്റെ ഭവനത്തിൽ പ്രാർത്ഥന നടത്തി. |
| | 07.30 pm | ചാലക്കുടി, സെന്റ് ജെയിംസ് ഹോസ്പിറ്റലിൽനിന്നും വിരമിക്കുന്ന ഡോ. പൗലോസിന് രൂപതാഭവനത്തിൽ വച്ച് ആശംസകൾ നേർന്നു. |
| 13 | 09.00 am | പുല്ലൂർ ഇടവകയിൽ ഡീക്കൻ ആന്റണി കോടങ്കണ്ട ത്തിന് തിരുപ്പട്ടം നൽകി. |
| | 04.00 am | എലിഞ്ഞിപ്ര, ബെത്‌ലേഹം ഇടവകയിലെ 37 ഭവന ങ്ങൾ സന്ദർശിച്ചു. |
| 14 | 06.30 am | ഹൃദയ പാലിയേറ്റീവ് ഹോസ്പീസിൽ ശുശ്രൂഷ ചെയ്യാനൊരുങ്ങുന്ന ബഹു. കമില്ലസ് സിസ്റ്റേഴ്സിനോ ടൊത്ത് വി. കുർബാന അർപ്പിച്ചു. |
| | 10.30 am | ഇരിങ്ങാലക്കുട സെന്റ് മേരീസ് സ്കൂളിൽ മെറിറ്റ് ഡേ ഉദ്ഘാടനം ചെയ്തു. |
| | 04.00 pm | എലിഞ്ഞിപ്ര, ബെത്‌ലേഹം ഇടവകയിലെ 25 ഭവന ങ്ങൾ സന്ദർശിച്ചു. |
| | 09.00 pm | ദീപിക അപ്പെക്സ് ഓൺലൈൻ മീറ്റിങ്ങിൽ പങ്കെടുത്തു. |
| 15 | 06.30 am | കുഴിക്കാട്ടുശ്ശേരി ഇടവകയിൽ നാലാമത്തെ കുഞ്ഞിന് പ്രാരംഭ കൂദാശകൾ നൽകി. |
| | 09.30 am | ഇരിങ്ങാലക്കുട ക്രൈസ്റ്റ് കോളേജിൽവച്ച് ദീപികയുടെ നേതൃത്വത്തിൽ എസ്.എസ്.എൽ.സി., പ്ലസ്ടു പരീക്ഷ കളിൽ ഉന്നതവിജയം നേടിയ കുട്ടികളെ ആദരിക്കുന്ന ചടങ്ങ് 'ദിശ 2023' ന്റെ ഉദ്ഘാടനം നിർവ്വഹിച്ചു. |
| | 11.00 am | കൊടകര സഹൃദയ എം.ബി.എ. കോളേജിൽ അക്കാ ദമിക് കൗൺസിലിൽ അദ്ധ്യക്ഷത വഹിച്ചു. |

| | | |
|---|---|---|
| | 02.30 pm | ആളൂർ, സെന്റ് ജോസഫ് ഇടവകയിൽ ഒരു മൃതസംസ്കാര ശുശ്രൂഷയ്ക്ക് കാർമ്മികത്വം വഹിച്ചു. |
| | 04.00 pm | എലിഞ്ഞിപ്ര, ബെത്‌ലേഹം ഇടവകയിലെ ഭവനങ്ങൾ സന്ദർശിച്ചു. |
| 16 | | എലിഞ്ഞിപ്ര, ബത്‌ലേഹം ഇടവകയിൽ അജപാലന സന്ദർശനം നടത്തി. |
| 17 | 10.00 am | ആളൂർ, ബി.എൽ.എം. ൽ ദൈവാലയശുശ്രൂഷികളുടെ കുടുംബസംഗമത്തോടനുബന്ധിച്ച് വി. ബലി അർപ്പിക്കുകയും തുടർന്ന് നടന്ന മീറ്റിങ്ങിൽ അദ്ധ്യക്ഷത വഹിക്കുകയും ചെയ്തു. |
| | 02.30 pm | വിദ്യാജ്യോതിയിൽ 'ബ്ലെസ് എ ഹോമി'ന്റെ നേതൃത്വത്തിൽ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകുന്ന ചടങ്ങിൽ അദ്ധ്യക്ഷത വഹിച്ചു. |
| 18 | 10.30 am | പാലക്കാട്, മുട്ടികുളങ്ങര മരിയൻ പ്രൊവിൻഷ്യൽ ഹൗസിൽ സി. മേരി ആൻ CHF ന്റെ 5-ാം ചരമ ദിനത്തിൽ വി. കുർബാന അർപ്പിച്ചു. |
| | 04.00 pm | എലിഞ്ഞിപ്ര, ബെത്‌ലേഹം ഇടവകയിലെ 34 ഭവനങ്ങൾ സന്ദർശിച്ചു. |
| 19 | 11.00 am | കോട്ടാറ്റ് കോൺവെന്റിൽ സി. ധന്യ ബാസ്റ്റിന്റെ കബറിടത്തിങ്കൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിക്കുകയും ഇടവക ദൈവാലയത്തിൽ അനുസ്മരണ ബലി അർപ്പിക്കുകയും ചെയ്തു. |
| | 02.30 pm | വിദ്യാജ്യോതിയിൽ കെ.സി.എസ്.എൽ. ആനിമേറ്റേഴ്സ് മീറ്റിൽ അദ്ധ്യക്ഷത വഹിച്ചു. |
| | 06.30 pm | അഷ്ടമിച്ചിറ, ജോൺപോൾ ഭവൻ സെമിനാരിയിൽ വി. കുർബാന അർപ്പിച്ചു. |
| 20 | 06.30 am | മണ്ണൂക്കാട് ഇടവകയിൽ നവീകരിച്ച സെമിത്തേരി വെഞ്ചരിക്കുകയും വി. ബലി അർപ്പിക്കുകയും ചെയ്തു. |
| | 10.00 am | ചാലക്കുടി, സെന്റ് ജെയിംസ് ഹോസ്പിറ്റലിൽ നവീകരിച്ച സിസ്റ്റേഴ്സിന്റെ റെസിഡൻഷ്യൽ ഏരിയ വെഞ്ചരിക്കുകയും തുടർന്ന് നടന്ന റിലീജിയസ് മീറ്റിൽ അദ്ധ്യക്ഷത വഹിക്കുകയും ചെയ്തു. |
| | 05.00 pm | കോട്ടയം വടവാതൂർ സെമിനാരിയിലെ വൈദികരെയും ബ്രദേഴ്സിനെയും സന്ദർശിച്ചു. |
| | 07.00 pm | പുതുപ്പള്ളിയിൽ അന്തരിച്ച മുൻ മുഖ്യമന്ത്രി ശ്രീ. ഉമ്മൻചാണ്ടിയുടെ ഭവനത്തിലെത്തി അനുശോചനം അറിയിക്കുകയും പ്രാർത്ഥനാശുശ്രൂഷയിൽ പങ്കെടുക്കുകയും ചെയ്തു. |




## 2023 ജൂലൈ

| | | |
|---|---|---|
| 21 | 07.00 am | ആളൂർ നവചൈതന്യ, വി. കുർബാന |
| | 09.00 am | പൊതുസന്ദർശകദിനം |
| | 04.00 pm | എലിഞ്ഞിപ്ര, ഭവനസന്ദർശനം |
| 22 | 10.00 am | ഇരിങ്ങാലക്കുട, ഗുഡ് ഷെപ്പേർഡ് പ്രൊവിൻഷ്യൽ ഹൗസ് |
| | 06.30 pm | ചാലക്കുടി, സെന്റ് ജെയിംസ് ഹോസ്പിറ്റൽ |
| 23 | 06.30 am | ഇഞ്ചക്കുണ്ട്, 9-ാമത്തെ കുഞ്ഞിന്റെ മാമ്മോദീസ |
| | 10.00 am | ഇരിങ്ങാലക്കുട സെന്റ് ജോസഫ് കോളേജ്, സെന്റ് വിൻസെന്റ് ഡി പോൾ വാർഷികം |
| | 12.05 pm | മറ്റത്തൂർ, വിവാഹം |
| | 05.30 pm | കുഴുക്കാട്ടുശ്ശേരി, വി. കുർബാന, ധന്യൻ വിതയത്തിലച്ചന്റെ തിരുനാൾ |
| 24 | 11.30 am | കൊടകര, സഹൃദയ കോളേജ് ഓഫ് അഡ്വാൻസ്ഡ് സ്റ്റഡീസ് |
| 25 | 09.00 am | പൊതുസന്ദർശകദിനം |
| | 04.00 pm | ചാലക്കുടി, സെന്റ് ജെയിംസ് ഡേ, വി. കുർബാന |
| 26 | 06.30 am | കല്ലേറ്റുംകര, പാക്സ്, വി. കുർബാന (വാർഷികധ്യാനം) |
| 27 | 06.15 am | ഇരിങ്ങാലക്കുട അൽവേർണിയ, വി. കുർബാന |
| 28 | 04.00 pm | എലിഞ്ഞിപ്ര, ബെത്‌ലേഹം ഭവനസന്ദർശനം |
| 29 | 06.30 am | താഴെക്കാട്, മാമ്മോദീസ |
| | 12.00 pm | കൊടകര, സഹൃദയ എഞ്ചിനീയറിങ്ങ് കോളേജ് |
| | 03.00 pm | 'ബ്ലസ് എ ഹോം', ബെനഫാക്ടേഴ്സ് മീറ്റ് |
| | 05.00 pm | എലിഞ്ഞിപ്ര, ബെത്‌ലേഹം ഭവന സന്ദർശനം |
| 30 | 09.00 am | പറപ്പൂക്കര, രൂപത സി.എൽ.സി. - വി. കുർബാന |
| | 03.00 pm | ഫാ. ഡോ. ഫ്രാൻസിസ് ചിറയത്ത് ട്രസ്റ്റ് മീറ്റിങ്ങ് |
| | 05.00 pm | വിവാഹം, ഇരിങ്ങാലക്കുട കത്തീഡ്രൽ |
| 31-ആഗസ്റ്റ് 04 | | പാലാരിവട്ടം, കെ.സി.ബി.സി. |

## 2023 ആഗസ്റ്റ്

| | | |
|---|---|---|
| 03 | 10.30 am | കല്ലേറ്റുംകര, പാക്സ് വൈദികരുടെ ജൂബിലിയാഘോഷം |
| 05 | 11.30 am | വിദ്യാജ്യോതി - പി.ടി.എ. |
| | 12.00 noon | പുളിയിലക്കുന്ന്, വിയാനി ഹോം |
| | 02.00 pm | കല്ലേറ്റുംകര - ഹോളി ഫാമിലി സഭാവസ്ത്ര സ്വീകരണം |
| 06 | 07.00 am | വല്ലപ്പാടി, വൈദികമന്ദിരം വെഞ്ചിരിപ്പ് |
| | 04.00 pm | മാരാംകോട്, മുഖവാരി വെഞ്ചിരിപ്പ് |
| 07 | 06.30 am | കൊറ്റനല്ലൂർ, മാമ്മോദീസ |
| 08 | 06.15 am | ആളൂർ പ്രസാദവരനാഥ, മാമ്മോദീസ |
| 09 | 06.45 am | ഇരിങ്ങാലക്കുട, മൈനർ സെമിനാരി, വി. കുർബാന |
| 10 | 06.30 am | കല്ലേറ്റുംകര, പാക്സ്, വി. കുർബാന (വാർഷികധ്യാനം) |
| 11 | 02.00 pm | കല്ലേറ്റുംകര, പാക്സ്, പ്രസ്ബിത്തേരിയം |
| | 03.00 pm | ചാലക്കുടി, സെന്റ് ജെയിംസ് ട്രസ്റ്റ് |
| 12 | 09.00 am | മണ്ണംപേട്ട, മർത്ത സിസ്റ്റേഴ്സ് പ്ലാറ്റിനം ജൂബിലി |
| | 03.00 pm | ആളൂർ, ലൂമൻ യൂത്ത് സെന്റർ |
| 13 | 08.15 am | കൂടപ്പുഴ, ജൂബിലി - ഫാ. ചെതലൻ |
| | 09.00 am | വടക്കുംകര, പാരിഷ്ഹാൾ വെഞ്ചരിപ്പ് |
| | 11.30 am | കല്ലേറ്റുംകര, പാക്സ്, വിധവാ ഏകസ്ഥ സംഗമം |
| | 03.00 pm | കൊടകര, നെല്ലിശ്ശേരി ചെതലൻ കുടുംബയോഗം |
| | 04.00 pm | ആനന്ദപുരം, വി. കുർബാന, മണിമാളിക വെഞ്ചരിപ്പ് |
| 14 | 06.15 am | കൂടപ്പുഴ, മാമ്മോദീസ |
| | 10.30 am | ആനന്ദപുരം, വിവാഹം |
| | 11.30 am | കൊടകര, എം.ബി.എ. കോളേജ് |
| 15 | 09.00 am | പൊതുസന്ദർശകദിനം |
| | 04.00 pm | പോട്ട, പുല്ലൻ ഫാമിലി ട്രസ്റ്റ് |
| | 05.30 pm | ഇരിങ്ങാലക്കുട, കെ.സി.വൈ.എം. വാർഷികം |
| 16 | 06.45 am | ആളൂർ, തിരുഹൃദയ ഭവനം |
| | 02.30 pm | കൊടകര, സഹൃദയ ട്രസ്റ്റ് |
| 17 | 06.15 am | ഇരിങ്ങാലക്കുട, അൽവേർണിയ |
| | 03.00 pm | സ്പന്ദൻ - ഓൺലൈൻ മീറ്റിങ്ങ് |
| 18 | 05.00 am | ഒല്ലൂർ, വി. ഏവുപ്രാസ്യ ഷ്റൈൻ |
| 19 | 08.30 am | തൃശൂർ, മേരി മാത സെമിനാരി |
| | 10.00 am | ഇരിങ്ങാലക്കുട, കൈക്കാരന്മാരുടെ മീറ്റിങ്ങ് |
| | 11.00 am | മേലൂർ, വിവാഹം |
| 20 | 12.05 pm | ഒളരി, വിവാഹം |

St. James' Hospital,
Chalakudy

WE FOSTER HEALTH



## FIRST TIME IN KERALA

# CEREBRAL PALSY CLINIC

## Clinic Working Hours

**Every 2nd & 4th Saturday**
**09.00 am to 11.00 am**

## Our Team

**Dr. Binoy PS**
(Hand & Micro Surgeon)

**Dr. Sreejith P Krishnan**
(Paediatric Orthopaedic Surgeon)

**Dr. Aaron George**
(Paediatrician & Neonatologist)

**Dr. Varghese Antony Pallan**
(Neurologist)

**Sr. Akshaya CSS**
(Physiotherapist)



**For Enquires ;**
**+91- 480 2710 271, 2710 571**

Annual Sub. 200/-

# BULLETIN IRINJALAKUDA DIOCESE

Date of Publication : 23.07.2023
RNI Registeration No. KERMAL/2014/60912
Registered Postal Registeration No. KL/IJK/34/2021-2023
Posted at R.M.S. Irinjalakuda


KALPARAMBU


IRINJALAKUDA


KODAKARA


EDATHIRUTHY




KUTTIKAD


CHALAKUDY


MALA


AMBAZHAKAD


PARAPPUKARA


PUTHENCHIRA


SILCHAR MISSION


KODUNGALLUR CHURCH

Bishop's House, P.B. No.59, Irinjalakuda-680 121
Phone : 0480-2826830, 2826820, 2833560,2833561
2821582(Bp.P) Fax : 0480-2825050
Website : www.irinjalakudadiocese.com
E-mail-ijkbph@gmail.com

Printed and Published by MSGR. SEBASTIAN MALIEKAL,
on behalf of the Owner MAR PAULY KANNOOKADAN, Bishop of Irinjalakuda Diocese and printed at
ADOLF KOLPING PRESS, IRINJALAKUDA, THRISSUR Dist., KERALA, 680 121 and Published at
BISHOP'S HOUSE, IRINJALAKUDA, THRISSUR Dist., KERALA, 680 121, and edited by FR. NEVIN ATTOKARAN.

